**നം.കെ.എസ്.എ-കെ.ടി.എം.പി.11/28/2020** **തീയതി : 25.02.2020**

# കോട്ടയം ജില്ലയിലെ കോരുത്തോട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

**കോട്ടയം** ജില്ലയിലെ **കോരുത്തോട് ഗ്രാമ** പഞ്ചായത്തിന്റെ **2018-19** സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1.04.18 മുതൽ 26.12.2019 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ച ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിന് മറുപടി ലഭിച്ചു. ഓഡിറ്റ് പരാമർശങ്ങൾ 07.1.2020 ലെ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

**(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | **ശ്രീ.സാബു സി. ജോർജ്, ഡെപ്യൂട്ടി ഡയറക്ടർ** |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 27.12.2019- 07.01.2020 |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.സജി പി.ആർ., ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി ഡാനിമോൾ കെ.ജെ., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി സുനിത എം.എസ്., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ ബാബുരാജ് കെ.ബി., ഓഡിറ്റർ (ഹ.ഗ്രേ.) |

**നിർവ്വഹണാധികാരികൾ**

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.പി.കെ.സുധീർ | 01.04.2018-19.12.2018 |
| | ശ്രീ.റ്റി.കെ.രാജു | 15.1.2019- 31.03.2019 |
| സെക്രട്ടറി | ശ്രീ.സുരേഷ് കുമാർ | 01.04.2018-06.08.2018 |
| | ശ്രീമതി റീന ജോൺ | 08.08.2018-31.03.2019 |

**നിർവ്വഹണോദ്യോഗസ്ഥർ**

| | | |
|---|---|---|
| വെറ്ററിനറി സർജൻ | ഡോ.ജയന്ത് ഗോവിന്ദൻ | 01.04.2018- 31.03.2019 |
| കൃഷി ഓഫീസർ | ശ്രീ.വേണുഗോപാൽ | 01.04.2018- 31.03.2019 |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | ഡോ.വിദ്യ മോഹൻ | 01.04.2018-31.03.2019 |
| മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | ഡോ.ചാന്ദിനി ആർ. | 01.04.2018- 01.01.2019 |

| | | |
|---|---|---|
| | ഡോ.ഫക്രുദീൻ ആർ. | 02.01.2019- 07.02.2019 |
| | ഡോ.അസിയ എം.എം. | 08.02.2019- 11.03.2019 |
| | ഡോ.ഹരികുമാർ | 12.03.2019- 31.03.2019 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി മെറീന | 01.04.2018-31.03.2019 |
| അസിസ്റ്റന്റ് എൻജിനീയർ | ശ്രീ.അരുൺ റ്റി.റ്റി. | 01.04.2018-25.06.2018 |
| | ശ്രീ.അരുൺ എം. | 26.06.2018-31.03.2019 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി സൂസൻ ജോസഫ് | 01.04.2018- 31.03.19 |
| ഹെഡ്മിസ്ട്രസ്, ഗവ. എൽ.പി.സ്കൂൾ, കുഴമാവ് | ശ്രീമതി സരസമ്മ വി.എ. | 01.04.2018-31.03.19 |
| വി.ഇ.ഒ | ശ്രീ.രാജൻകുട്ടി | 01.04.2018- 21.10.2018 |
| | ശ്രീ.അജേഷ് വി. | 22.10.2018- 04.12.2018 |
| | ശ്രീ.സിജോഷ് ജോർജ് | 05.12.2018- 28.12.2108 |
| | ശ്രീ.അജേഷ് വി. | 06.01.2019- 19.01.2019 |
| | ശ്രീ.രാജൻകുട്ടി | 20.01.2019- 31.03.2019 |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി രജനിമോൾ റ്റി.ഡി. | 01.04.2018-31.03.19 |

**ഉള്ളടക്കം**


| ഖണ്ഡിക നമ്പർ | വിഷയം |
|---|---|
| ഭാഗം 1 ഓഡിറ്റ് റിപ്പോർട്ട് | |
| 1-1 | ബജറ്റ് |
| 1-2 | ഫണ്ട് വിനിയോഗം |
| 1-3 | പദ്ധതി അവലോകനം |
| 1-4 | ആഭ്യന്തരനിയന്ത്രണ സംവിധാനം |
| 1-5 | ക്യാഷ് വെരിഫിക്കേഷൻ |
| 1-6 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 1-7 | വാർഷിക കണക്കുകളുടെ അവലോകനം |

| | |
|---|---|
| 1-8 | വെറ്ററിനറി സർജൻ നടപ്പാക്കിയ പദ്ധതികൾ-ഗുണഭോക്തൃവിഹിതം ഈടാക്കൽ-പണം സ്വീകരിച്ചതിന് രസീത് നൽകിയില്ല |
| 1-9 | ശരിയായ ഉപയോഗക്രമത്തിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി നിർണ്ണയിച്ചില്ല |
| 1-10 | സ്ഥാപനങ്ങളുടെയും ജീവനക്കാരുടെയും തൊഴിൽനികുതി ഡിമാന്റ് ചെയ്തില്ല/ഈടാക്കിയില്ല |
| 1-11 | വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് അനുവദിക്കൽ-അപാകതകൾ |
| 1-12 | വിശദാംശങ്ങൾ ലഭ്യമല്ലാത്ത തനതുഫണ്ട് ചെലവുകൾ-3,79,261 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു |
| 1-13 | ഗ്രാമപഞ്ചായത്ത് ഓഫീസിലെ വാട്ടർ ചാർജ് കുടിശ്ശിക-തുക അധികം അടവാക്കി |
| 1-14 | ബയോഗ്യാസ് പ്ലാന്റ് നിർമ്മാണത്തിനായി ലഭിച്ച 20 ലക്ഷം രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നു |
| 1-15 | അഡ്വാൻസ് നൽകിയ തുകകൾ ക്രമീകരിക്കുവാൻ അവശേഷിക്കുന്നു |
| 1-16 | ഡെപ്പോസിറ്റ് വർക്കുകൾ-കരാറിൽ ഏർപ്പെടുന്നില്ല |
| 1-17 | ഗുണഭോക്തൃസമിതി നിർവ്വഹിച്ച മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും അധികമായി ഉൾപ്പെടുത്തിയ ഓവർഹെഡ് ചാർജ് കുറവ് ചെയ്തില്ല |
| 1-18 | 4-ാം വാർഡിൽ കുഴൽകിണർ നിർമ്മാണം-പൂർത്തീകരണവിവരം ലഭ്യമല്ല |
| 1-19 | ചിലമ്പിക്കുന്നേൽപടി-വനംപടി റോഡ് കോൺക്രീറ്റിംഗ്-പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ |
| 1-20 | പ്രത്യേക കന്നുകുട്ടി പരിപാലനപദ്ധതി-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് |
| 1-21 | പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിച്ച തുക-കൃത്യമായ കണക്കുകൾ ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല |
| 1-22 | ലൈഫ് ഭവനനിർമ്മാണ പദ്ധതി ഒന്നാംഘട്ടം-വി.ഇ.ഒ.യ്ക്ക് മുൻകൂർ അനുവദിച്ചത്-സമയബന്ധിതമായി ക്രമീകരിക്കുന്നില്ല |
| 1-23 | ലൈഫ് ഭവനനിർമ്മാണ പദ്ധതി-അവലോകനം |
| 1-24 | അഗതിരഹിത കേരളം പദ്ധതി-അവലോകനം |
| **ഭാഗം 2 വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |

| | |
|---|---|
| 2-1 | വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന വരവ് സംബന്ധമായ ഓഡിറ്റ് പരാമർശങ്ങൾ - ഇല്ല |
| **ഭാഗം 3 ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 3-1 | ഗുണഭോക്തൃസമിതി വഴി നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും അധികമായി ഉൾപ്പെടുത്തിയ ഓവർഹെഡ് ചാർജ് കുറവ് ചെയ്തില്ല-21,462 രൂപയുടെ നഷ്ടം |
| **ഭാഗം 4 പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 4-1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |
| 4-2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-3 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-4 | മൊബിലൈസേഷൻ അഡ്വാൻസ് |
| 4-5 | വായ്പ/വായ്പ തിരിച്ചടവ് |
| 4-6 | സ്ഥിരനിക്ഷേപം |
| 4-7 | ഓഡിറ്റ് റിക്കവറി |
| 4-8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം |
| 4-9 | ചാർജ്-സർചാർജ് നടപടികളുടെ വിവരം |
| 4-10 | ഓഡിറ്റ് പ്രത്യവലോകനം |
| 4-11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം |
| അനുബന്ധം 1 | ഓഡിറ്റ് സാക്ഷ്യപത്രം 2018-19 |
| അനുബന്ധം 2 | ബാലൻസ് ഷീറ്റ് - 31.03.2019 തീയതിയിൽ |
| അനുബന്ധം 3 | ഇൻകം ആന്റ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് 2018-19 |
| അനുബന്ധം 4 | റസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് 2018-19 |

## ഭാഗം -1

## ഓഡിറ്റ് റിപ്പോർട്ട്

### 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 24.03.2018 ലെ I-ാം നമ്പർ തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 26.02.2019 ലെ I-ാം നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്.

ബജറ്റ് പ്രകാരമുള്ള വരവുചെലവ് കണക്കുകളും യഥാർഥ വരവുചെലവ് കണക്കുകളും ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് |
|---|---|---|
| മുന്നിരിപ്പ് | 9,06,565 | 1,29,12,101 |
| വരവ് | 14,02,95,000 | 6,70,46,755 |
| ആകെ | 14,12,01,565 | 7,99,58,856 |
| ചെലവ് | 13,97,24,005 | 6,27,28,041 |
| നീക്കിയിരിപ്പ് | 14,77,560 | 1,72,30,815 |

ബജറ്റ് പ്രകാരം പ്രതീക്ഷിച്ചിരുന്ന വരവുചെലവ് കണക്കുകളും യഥാർഥ കണക്കുകളും തമ്മിൽ വലിയ അന്തരം ഉള്ളതായി മേൽ പട്ടിക വ്യക്തമാക്കുന്നു. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 224 ൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം ആവശ്യമായ മുന്നൊരുക്കം നടത്തി യാഥാർഥ്യബോധത്തോടെ ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ജനറൽ കമ്മിറ്റിയും ഈ വിഷയത്തിൽ മതിയായ ശ്രദ്ധ പുലർത്തേണ്ടതാണ്.

### 1-2 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | ബജറ്റ് വിഹിതം | ആകെ | ചെലവ് | സഞ്ചിതനിധിയിലേക്ക് തിരികെ ഈടാക്കിയത്/ നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 1,33,58,000 | 1,33,58,000 | 1,20,86,248 | 12,71,752 | 90.47 |
| വികസനഫണ്ട് എസ്.സി.പി. | 0 | 69,88,000 | 69,88,000 | 69,81,074 | 6,926 | 99.9 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 32,98,000 | 32,98,000 | 29,22,856 | 3,75,144 | 88.62 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 91,04,000 | 91,04,000 | 62,13,203 | 28,90,797 | 68.2 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 27,80,000 | 27,80,000 | 14,23,435 | 13,56,565 | 51.2 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 0 | 62,00,000 | 62,00,000 | 35,10,328 | 26,89,672 | 56.6 |
| ജനറൽ പർപ്പസ് ഫണ്ട് | 4,73,430 | 68,83,503 | 73,56,933 | 39,44,593 | 34,12,340 | 53.6 |
| എം.ജി.എൻ.ആർ.ഇ.ജി.എസ്. | 3,247 | 2,31,35,882 | 2,31,39,129 | 2,30,06,997 | 1,32,132 | 99.4 |
| ബി ഫണ്ട് | 0 | 25,000 | 25,000 | 25,000 | 0 | 100 |

| | | | | | | |
|---|---|---|---|---|---|---|
| തനത് ഫണ്ട് | * | 42,58,400 | | 39,56,981 | * | |

*തനത് ഫണ്ട് അക്കൗണ്ടുകളിൽ തനത് ഫണ്ടായി പരിഗണിക്കാൻ പറ്റാത്ത തുകകളും ക്രഡിറ്റ് ചെയ്യപ്പെട്ടിട്ടുണ്ട്. ആയതിനാൽ ഈ ഇനത്തിലെ മുന്നിരിപ്പ് നീക്കിയിരിപ്പ് എന്നിവ നിർണ്ണയിച്ചിട്ടില്ല.

**പദ്ധതി പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കിയില്ല 85,90,856 രൂപ സഞ്ചിതനിധിയിലേയ്ക്ക് തിരികെ എടുക്കപ്പെട്ടത് മൂലം നഷ്ടമായി**

വാർഷിക പദ്ധതി പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കാൻ സാധിക്കാത്തതിനാൽ വിവിധ ഇനങ്ങളിലായി 85,90,856 രൂപ സഞ്ചിത നിധിയിലേയ്ക്ക് തിരികെ എടുക്കപ്പെട്ടത് മൂലം ഗ്രാമപഞ്ചായത്തിന് നഷ്ടമായി.

| ഇനം | നഷ്ടമായ തുക |
|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 12,71,752 |
| എസ്.സി.പി. | 6,926 |
| ടി.എസ്.പി. | 3,75,144 |
| സംരക്ഷണഗ്രാന്റ്(റോഡ്) | 28,90,797 |
| സംരക്ഷണഗ്രാന്റ്(നോൺ റോഡ്) | 13,56,565 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 26,89,672 |
| **ആകെ** | **85,90,856** |

പൊതുവെ തനത് വരുമാനവും ഇതര വരുമാന സ്രോതസ്സുകളും കുറവായ ഗ്രാമപഞ്ചായത്തിൽ വികസന പ്രവർത്തനങ്ങൾക്ക് ലഭ്യമായ ഫണ്ടിനങ്ങൾ വിനിയോഗിക്കാതെ നഷ്ടപ്പെടുത്തിയ അവസ്ഥ ഒട്ടുംതന്നെ ആശാസ്യമല്ല.

**ബി) തൊഴിലുറപ്പ് പദ്ധതി**

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| അക്കൗണ്ടിലേക്ക് നേരിട്ട് നൽകുന്നത് | 0 | 2,27,22,513 | 2,27,22,513 | 2,27,22,513 | 0 |
| കാഷ് | 3,247 | 4,13,369 | 4,16,616 | 2,84,484 | 1,32,132 |
| **ആകെ** | **3,247** | **2,31,35,882** | **2,31,39,129** | **2,30,06,997** | **1,32,132** |

**സി) ക്ഷേമപദ്ധതികൾ**

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 15,360 | 9 |
| കർഷകതൊഴിലാളി പെൻഷൻ | 30,38,000 | 250 |
| വിധവാപെൻഷൻ | 53,37,500 | 460 |
| വാർദ്ധക്യകാലപെൻഷൻ | 1,16,04,500 | 959 |
| വികലാംഗപെൻഷൻ | 22,33,400 | 179 |
| അവിവാഹിത പെൻഷൻ | 1,71,600 | 14 |

## 1-3 പദ്ധതി അവലോകനം

ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 6.2.19ലെ 5 (9) നമ്പർ തീരുമാനപ്രകാരം അന്തിമാംഗീകാരം നല്കിയ 2018-19 വാർഷിക പദ്ധതിക്ക് ജില്ലാ ആസൂത്രണസമിതിയുടെ 15.2.19ലെ ഉത്തരവ് നം.490/18/DPC/DPO/KTM പ്രകാരം പുതുക്കി അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതിരൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| വർക്കിങ്ങ് ഗ്രൂപ്പുകൾ യോഗം ചേർന്നത് | 20.01.2018 |
| പദ്ധതിരൂപീകരണ ഗ്രാമസഭകൾ | 24.02.2018 |
| വികസനസെമിനാർ | 09.03.2018 |
| ഊരുകൂട്ടം | 23.04.18 |
| വികലാംഗ ഗ്രാമസഭ | 28.02.18 |
| വയോജന ഗ്രാമസഭ | 14.08.18 |

ജനങ്ങളുടെ സാമ്പത്തിക വികസനവും സാമൂഹ്യനീതി ഉറപ്പാക്കലും ലക്ഷ്യമിട്ട് തയ്യാറാക്കിയ 2018-19 വാർഷികപദ്ധതിയുടെ ആകെ അടങ്കൽ 10,70,70,197/- രൂപയും ആകെ ചെലവ് 5,23,08,407/- രൂപയുമാണ്. അംഗീകാരം ലഭിച്ച 165 പ്രോജക്ടുകളിൽ 112 എണ്ണം നടപ്പാക്കിയിട്ടുണ്ട്. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശം സുലേഖ ചെലവ് പത്രിക പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| | തയ്യാറാക്കിയ പ്രോജക്ടുകളുടെ എണ്ണം | നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണം | അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 6 | 6 | 9,16,988 | 9,13,588 | 99.6 |
| വെറ്ററിനനറി സർജൻ | 4 | 4 | 27,45,000 | 14,95,500 | 54 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | 4 | 4 | 14,47,100 | 13,21,364 | 91 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 1 | 1 | 3,00,000 | 3,00,000 | 100 |
| സെക്രട്ടറി | 23 | 18 | 85,67,447 | 36,70,051 | 43 |
| അസിസ്റ്റന്റ് സെക്രട്ടറി | 12 | 11 | 32,98,500 | 27,51,694 | 83 |
| വി.ഇ.ഒ | 15 | 13 | 5,76,21,800 | 2,65,05,266 | 46 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 7 | 7 | 38,70,298 | 36,53,178 | 94 |
| എ.ഇ., എൽ.എസ്.ജി.ഡി | 87 | 44 | 2,71,96,192 | 1,07,38,616 | 39 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 3,00,000 | 3,00,000 | 100 |
| ഹെഡ്മാസ്റ്റർ | 5 | 4 | 8,06,872 | 6,59,150 | 87 |
| **ആകെ** | **165** | **113** | **10,70,70,197** | **5,23,08,407** | **49** |

ആകെ അടങ്കൽ തുകയുടെ 48.8 % മാത്രമാണ് ചെലവഴിക്കാൻ സാധിച്ചത്. ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം, പട്ടിക വർഗ്ഗസങ്കേതത്തിൽ കമ്മ്യൂണിറ്റി സെന്റർ നിർമ്മാണം, പട്ടികവർഗ്ഗ കോളനി സാംസ്കാരിക നിലയം നിർമ്മാണം തുടങ്ങിയ പദ്ധതികൾക്ക് തുക വകയിരുത്തിയിരുന്നുവെങ്കിലും നടപ്പിലാക്കാൻ കഴിയാത്തതും ബില്ലുകൾ

ക്യൂ-ലിസ്റ്റിൽ ഉൾപ്പെട്ടതുമാണ് ചെലവു ശതമാനം കുറയാൻ കാരണമായത്. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണഉദ്യോഗസ്ഥനായി തയ്യാറാക്കിയ 87 പ്രോജക്ടുകളിൽ 44 എണ്ണം മാത്രമാണ്. തൻവർഷം നടപ്പാക്കാൻ സാധിച്ചത്. അതിൽ ഏറിയ പങ്കം റോഡ്കോൺക്രീറ്റിംഗ് പ്രവൃത്തികളായിരുന്നു.

സെക്രട്ടറി നടപ്പിലാക്കിയ ബി.പി.എൽ കുടുംബങ്ങൾക്ക് സൗര റാന്തൽ എന്ന പ്രോജക്ട് പ്രത്യേക പരാമർശമർഹിക്കുന്നു.

കാർഷികരംഗത്ത് വൈവിദ്ധ്യമാർന്ന പ്രൊജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്. സാധാരണക്കാർക്കു പ്രയോജനം കിട്ടുന്ന രീതിയിൽ പശുവളർത്തൽ, മുട്ടക്കോഴി വളർത്തൽ എന്നിവ മൃഗസംരക്ഷണമേഖലയിൽ നടപ്പിലാക്കിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിൽ അലോപ്പതി, ആയുർവ്വേദം, ഹോമിയോ ഡിസ്പെൻസറികൾ പ്രവർത്തിക്കുന്നുണ്ട്. ആരോഗ്യ മേഖലയിൽ മരുന്നു വാങ്ങൽ, പാലിയേറ്റീവ് പരിചരണ പദ്ധതി, രോഗപ്രതിരോധപ്രവർത്തനങ്ങൾ എന്നീ പ്രോജക്ടുകൾ ഗ്രാമപഞ്ചായത്ത് തൻവർഷം നടപ്പിലാക്കി.

സ്ത്രീകളുടെയും കുട്ടികളുടെയും വികസനം ലക്ഷ്യമാക്കിക്കൊണ്ടുള്ള, പോഷകാഹാര വിതരണം, സ്കോളർഷിപ്പ് വിതരണം എന്നിവ മികച്ച രീതിയിൽ ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയിട്ടുണ്ട്.

നിർവഹണോദ്യോഗസ്ഥർ മുഖേന നടപ്പാക്കിയ വാങ്ങൽ പ്രോജക്ടുകളിൽ പർച്ചേസ് കമ്മിറ്റിയും ഭരണസമിതിയും യഥാസമയം ഇടപെട്ടിരുന്നതായി രേഖകൾ വ്യക്തമാക്കുന്നു. കാർഷിക/ മൃഗസംരക്ഷണമേഖലകളിൽ പൊതുവിഭാഗത്തിൽ വിവിധ പ്രോജക്ടുകൾ നടപ്പാക്കിയിരുന്നുവെങ്കിലും പട്ടികജാതി/ പട്ടികവർഗവിഭാഗങ്ങൾ കൂടുതലായി അധിവസിക്കുന്ന ഗ്രാമപഞ്ചായത്തിൽ പ്രസ്തുത വിഭാഗങ്ങൾക്കായി കാർഷിക/ മൃഗസംരക്ഷണമേഖലകളിൽ പ്രത്യേക പ്രോജക്ടുകൾ ആവിഷ്കരിക്കാതിരുന്നത് ആസൂത്രണത്തിലെ ഒരു വീഴ്ചയാണ്. പൊതുവിഭാഗം വികസനഫണ്ട് ഉപയോഗിച്ച് നടപ്പാക്കിയ പ്രോജക്ടുകളിൽ പട്ടികജാതി/ പട്ടികവർഗവിഭാഗത്തിലെ ഗുണഭോക്താക്കൾ ഇടംപിടിച്ചിരുന്നുവെങ്കിലും ടി വിഭാഗങ്ങൾക്കു ലഭിക്കുമായിരുന്ന പരമാവധി ധനസഹായം ഇവർക്ക് വിതരണം ചെയ്യാൻ സാധിച്ചില്ലെന്നു മാത്രമല്ല, പ്രത്യേകഘടകപദ്ധതി/ പട്ടികവർഗ ഉപപദ്ധതി വിഹിതങ്ങൾ പൂർണ്ണമായി ചെലവഴിക്കുന്നതിനുള്ള സാഹചര്യം നഷ്ടപ്പെടുത്തുകയും ചെയ്തു.

<u>വർക്കിങ്ങ് ഗ്രൂപ്പുകളുടെ സംഘാടനം ഫലപ്രദമല്ല</u>

വർക്കിങ്ങ് ഗ്രൂപ്പുകൾ പുനസംഘടിപ്പിച്ചിരുന്നുവെങ്കിലും പലതും നിർജ്ജീവമാണെന്ന് കാണുന്നു. പല വർക്കിങ്ങ് ഗ്രൂപ്പുകളും 20.01.2018ന് യോഗം ചേർന്നുവെങ്കിലും പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിക്കുകയോ പദ്ധതി രൂപീകരണത്തിൽ പങ്ക് വഹിക്കുകയോ ചെയ്തിരുന്നില്ല. ദാരിദ്ര്യ ലഘൂകരണം, ചെറുകിട വ്യവസായം ,കൃഷിയും അനുബന്ധ മേഖലകളും, വിദ്യാഭ്യാസം /സംസ്കാരം /കല കായിക വികസനം /യുവജന സംഗമം എന്നീ വിഷയങ്ങളുമായി ബന്ധപ്പെട്ട വർക്കിങ്ങ് ഗ്രൂപ്പുകൾ യോഗം ചേർന്നിരുന്നുവെങ്കിലും പദ്ധതിനിർദ്ദേശങ്ങളൊന്നും സമർപ്പിച്ചിരുന്നില്ല. ഇത് പദ്ധതി രൂപീകരണത്തിൽ വർക്കിങ്ങ് ഗ്രൂപ്പുകൾ നിഷ്ക്രിയമായിരുന്നു എന്നത് വ്യക്തമാക്കുന്നു. അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇവയും ഫലപ്രദമായി നിർവ്വഹിക്കുന്നതായി കാണുന്നില്ല.

പ്രോജക്ടുകളുടെ ആസൂത്രണത്തിന് മുന്നോടിയായി വർക്കിംഗ് ഗ്രൂപ്പിന്റെ (കർമ്മസേന) നേതൃത്വത്തിൽ ഏറ്റവും പുതിയ സ്ഥിതിവിവരകണക്കുകൾ ഉൾപ്പെടുത്തി സ്റ്റാറ്റസ് റിപ്പോർട്ട് പുതുക്കേണ്ടതും ആയതിനനുസരിച്ച് പ്രോജക്ടുകൾ ആസൂത്രണം ചെയ്യേണ്ടതും ഇപ്രകാരം നടപ്പാക്കുന്ന പ്രോജക്ടുകൾ പദ്ധതി നടത്തിപ്പു വേളയിലും അന്തിമഘട്ടത്തിലും വിശദമായി വിലയിരുത്തേണ്ടതുമാണ്. പ്രോജക്ടുകളുടെ രൂപീകരണത്തിലും നിർവഹണത്തിലും സർക്കാർ മാർഗരേഖയിലെ നിർദ്ദേശങ്ങൾ കൃത്യമായി ഉൾക്കൊണ്ട സമീപനം സ്റ്റാന്റിംഗ് കമ്മറ്റികളുടെയും വർക്കിംഗ് ഗ്രൂപ്പുകളുടെയും ഭാഗത്ത് നിന്നും ഉണ്ടാകേണ്ടതാണ്.

ലഭ്യമായ വിഭവങ്ങളെ പരമാവധി ഉപയോഗപ്പെടുത്തി വ്യത്യസ്ത വിഭാഗങ്ങളുടെ പങ്കാളിത്തം ഉറപ്പു വരുത്തിയുള്ള ആസൂത്രണം വഴി തദ്ദേശഭരണ സ്ഥാപനത്തിന്റെ ഭൂപ്രദേശത്തിന്റെയും അവിടത്തെ ജനങ്ങളുടെയും സമഗ്ര വികസനവും പുരോഗതിയും കൈവരിക്കാനുള്ള നടപടികൾ സ്വീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-4 ആഭ്യന്തര നിയന്ത്രണസംവിധാനം

ഗ്രാമ പഞ്ചായത്തിൽ ഏർപ്പെടുത്തിയിട്ടുള്ള ആഭ്യന്തര നിയന്ത്രണസംവിധാനം വിലയിരുത്തിയതിൽ കണ്ട

അപാകതകൾ താഴെ ചേർക്കുന്നു.
1) ഗ്രാമ പഞ്ചായത്തിലെ കെട്ടിടനിർമ്മാണാനുമതി രജിസ്റ്ററിന്റെ സൂക്ഷിപ്പ് തൃപ്തികരമല്ല.
2) സഞ്ചയ ഡാറ്റാ ബേസ് പ്യൂരിഫിക്കേഷൻ പൂർത്തിയാക്കിട്ടില്ല.
3) ലൈഫ് ഭവന പദ്ധതിക്കായി കെ.യു.ആർ.ഡി.എഫ്.സി.യിൽ നിന്നും ലോൺ എടുത്തിട്ടുണ്ടെങ്കിലും ആയതിന്റെ വിശദാംശങ്ങൾ രേഖപ്പെടുത്തി ലോൺ രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.
4) ലൈസൻസ് ഭേദഗതി ചട്ടപ്രകാരമുള്ള നിർദ്ദേശങ്ങൾ നടപ്പിൽ വരുത്തിയിട്ടില്ല.
5) ബജറ്റ് തയ്യാറാക്കുന്നതിൽ പഞ്ചായത്ത് രാജ് നിയമപ്രകാരമുള്ള നടപടികൾ പാലിക്കുന്നില്ല.
6) പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി വിവിധ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന തുകകളുടെ വിനിമയം യഥാസമയം സാംഖ്യയിൽ അക്കൗണ്ട് ചെയ്യുന്നില്ല.
7) ഗ്രാമ പഞ്ചായത്തിൽ നിന്നും നൽകിയിട്ടുള്ള വിവിധ മുൻകൂറുകൾ ക്രമീകരിക്കുന്നത് സംബന്ധിച്ച വിനിമയങ്ങൾ സാംഖ്യയിൽ യഥാസമയം അക്കൗണ്ട് ചെയ്യുന്നില്ല.

### 1-5 ക്യാഷ് വെരിഫിക്കേഷൻ

**കോരുത്തോട്** ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ധനകാര്യ പത്രികയുടെ ഓഡിറ്റിന്റെ ഭാഗമായി 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28.12.2019 തീയതിയിൽ 3:45 പി.എം.ന് പഞ്ചായത്ത് അധികാരികളുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ 2,093/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

### 1-6 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 13.12.2019 | 11/2019 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 12.01.2009 | 2007-08 | No.LBA(HQ)/1379/356/ dtd.12.02.2009 |

### 1-7 വാർഷികകണക്കുകളുടെ അവലോകനം

**2018-19** സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ പ്രാഥമിക പരിശോധന നടത്തിയതിൽ കണ്ടെത്തിയ അപാകതകൾ നിലവിലും പരിഹരിച്ചിട്ടില്ല. ധനകാര്യപത്രികയിൽ നിലനിൽക്കുന്ന അപാകതകൾ ചുവടെ ചേർക്കുന്നു.
1) വാർഷിക കണക്കിനൊപ്പം അനുപാതങ്ങൾ തയ്യാറാക്കി സമർപ്പിച്ചിരുന്നില്ല.
2) സ്ഥിര ആസ്തികളുടെ (ഭൂ ആസ്തി ഉൾപ്പെടെ) മൂല്യനിർണ്ണയ പ്രക്രിയ പൂർത്തിയായിട്ടില്ല.
3) വസ്തുനികുതിയുടെ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകയുമായി പൊരുത്തപ്പെടുന്നില്ല. (ഇതിനുള്ള അക്കൗണ്ട് ശുദ്ധീകരണ (Purification) നടപടികൾ പൂർത്തിയായിട്ടില്ല).
4) വിവിധ അക്കൗണ്ടുകളിൽ നിന്നും നല്കിയ താഴെപ്പറയുന്ന ചെക്കുകൾ 31.03.2019-ൽ പണമാക്കാത്ത ചെക്കുകളായിട്ടാണ് പൊരുത്തപ്പെടുത്തൽ പത്രികയിൽ ചേർത്തിട്ടുള്ളത്. ആയത് 3508001012 - liability in respect of stale cheque എന്ന ശീർഷകത്തിലാണ് അക്കൗണ്ട് ചെയ്യേണ്ടിയിരുന്നത്. എന്നാൽ അപ്രകാരം മാറ്റിയിട്ടില്ല.

| ചെക്ക് നം., തീയതി | തുക |
|---|---|
| 8288,17.10.2016 | 1,600 |
| 1146,13.12.2017 | 3,000 |
| 354243,29.09.2018 | 2,208 |
| 354244,29.09.2018 | 2,208 |

5) തൻവർഷ കുടിശിക തുകകൾക്ക് ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ തൻവർഷത്തേക്കുള്ള പ്രൊവിഷൻ

രേഖപ്പെടുത്തിയ I-16 ഷെഡ്യൂൾ ഉൾപ്പെടുത്തിയിട്ടില്ല.

6) ഓഡിറ്റ് നിർദ്ദേശപ്രകാരം വാഹനമൂല്യം ആസ്തിയിൽ ഉൾപ്പെടുത്തിയെങ്കിലും പൂർണമായ മൂല്യം ഉൾപ്പെടുത്തിട്ടില്ല. വാഹനത്തിന്റെ മൂല്യവും നാളിതുവരെയുള്ള തേയ്മാനവും തുല്യമായിട്ടാണ് ചേർത്തിട്ടുള്ളത്.

7) ബി-4 ഷെഡ്യൂളിൽ രേഖപ്പെടുത്തിയിട്ടുള്ള പ്രത്യേക ഉദ്ദേശ്യഗ്രാന്റുകൾ, ബി-18 ഷെഡ്യൂളിലെ മുൻകൂറുകൾ എന്നിവയുടെ കൃത്യത വ്യക്തമാക്കുന്ന രേഖകൾ ഓഡിറ്റിൽ സൂക്ഷിച്ചിട്ടില്ല (ഖണ്ഡിക 1-24 കാണുക).

8) ഹരിതകർമ്മസേന മുഖാന്തിരം പിരിച്ചെടുത്തതും ബാധ്യതാശീർഷകത്തിൽ ഉൾപ്പെടുത്തേണ്ടതുമായ തുക ഗ്രാമപഞ്ചായത്തിന്റെ തനതു വരവായിട്ടാണ് ധനകാര്യപത്രികയിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ആയത് ബാധ്യതയായി രേഖപ്പെടുത്തേണ്ടതാണ്.

9) തൊഴിൽ നികുതി ട്രേഡേഴ്സ്, ഡി&ഒ ലൈസൻസ് എന്നിവയിൽ യഥാർത്ഥ തുക അക്രൂവൽ രേഖപ്പെടുത്താതെ തൻവർഷ വരവ് ഡിമാന്റായി രേഖപ്പെടുത്തുന്നത് മൂലം കുടിശിക തുക കണക്കിൽ പ്രതിഫലിക്കുന്നില്ല.

10) (എ)ബി7 സപ്ലയേഴ്സ് ഇ.എം.ഡി ഇനത്തിലുള്ള 1,04,515/- രൂപ 2014-15 മുതൽ ക്യാരി ഓവർ ചെയ്തു വരുന്നതാണ്. കാലഹരണപ്പെട്ട ഇത്തരം തുകകൾ പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടി ബാധ്യത കുറക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല.

(ബി) വിമുക്തി നടത്തിപ്പിന് ലഭിച്ച 25,000/- ചെലവഴിക്കാതെ ബാധ്യതകണക്കിൽ നിലനിർത്തിയിരിക്കുന്നു.

11) ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് ഇനത്തിൽ 7,77,938/- രൂപ പാർട്ട്ബിൽ നല്കിയപ്പോൾ 77,794/- രൂപയാണ് റിടെൻഷൻ ഇനത്തിൽ കാണേണ്ടത്. എന്നാൽ ബി7 ഷെഡ്യൂൾ പ്രകാരം ഇത് 2,13,582/- രൂപയാണ്. ബാധ്യതയായി കാണിച്ചിട്ടുള്ള 1,35,788/- രൂപയുടെ വിവരം ലഭ്യമല്ല (213582-77794).

12) ബി-9 ഷെഡ്യൂളിൽ പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ 39,743/- രൂപ, എസ്.എൽ.ഐ ഇനത്തിൽ 3,995/- രൂപ, ജി.ഐ.എസ് ഇനത്തിൽ 4,000/- രൂപ, എൽ.ഐ.സി ഇനത്തിൽ 8,595/- രൂപ എന്നിവയുടെ അടവ് സംബന്ധിച്ച് അവ്യക്തത ഉള്ളതിനാൽ ബാധ്യതകണക്കിൽ നിലനിർത്തിയിരിക്കുന്നു.

13) ബി.18 ഷെഡ്യൂളിൽ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ ഡെപ്പോസിറ്റ് കാണിച്ചിട്ടുള്ള തുകയിൽ 1,13,33,318- രൂപയും, അഡ്വാൻസ് റ്റു ഇംപ്ലിമെന്റിംഗ് ഓഫീസേഴ്സ് ആയി കാണിച്ചിട്ടുള്ള തുകയിൽ 37,65,502/- രൂപ മുൻവർഷങ്ങളിൽ നിന്നും ക്യാരി ഓവർ ചെയ്തു വരുന്നതും കൃത്യമായ വിവരങ്ങൾ ലഭ്യമല്ലാത്ത തുകയുമാണ്.

14) 193/19 നമ്പർ പ്രോജക്റ്റ് പ്രകാരം 3,32,138/-രൂപ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിലും 195/19 നമ്പർ പ്രോജക്റ്റ് പ്രകാരം 4,21,000/-വാട്ടർ അതോറിറ്റിയിലും നിക്ഷേപിച്ചത് മുൻകൂറായി അക്കൗണ്ടുചെയ്യാതെ യഥാർത്ഥ ചെലവായിട്ടാണ് ധനകാര്യപത്രികയിൽ ചേർത്തിട്ടുള്ളത്.

ധനകാര്യപത്രികയിലെ അപാകതകൾ അടിയന്തിരമായി പരിഹരിക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതുമാണ്.

## 1-8 വെറ്ററിനറി സർജൻ നടപ്പാക്കിയ പദ്ധതികൾ-ഗുണഭോക്തൃവിഹിതം ഈടാക്കൽ-പണം സ്വീകരിച്ചതിന് രസീത് നൽകിയില്ല

മുട്ടക്കോഴി വിതരണം എന്ന പദ്ധതിയുടെ ഗുണഭോക്തൃവിഹിതം ഈടാക്കുന്നതിനായി ഉപയോഗിച്ച 22265 നമ്പർ രസീത്ബുക്കിലെ 97-ാം നമ്പർ രസീതിന്റെ ഒറിജിനൽ ഉപയോഗിക്കപ്പെടാതെ/ രേഖപ്പെടുത്തലുകളില്ലാതെ രസീത് ബുക്കിൽ കാണപ്പെടുന്നുവെങ്കിലും രസീതിന്റെ ഡ്യൂപ്ലിക്കേറ്റ് ലഭ്യമല്ല. കൂടാതെ, താഴെപ്പറയുന്ന ഗുണഭോക്താക്കളിൽ നിന്നും ഗുണഭോക്തൃവിഹിതം ഈടാക്കിയതായി കളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തുകയും ആയത് ഗ്രാമപഞ്ചായത്തിൽ ഒടുക്കുകയും ചെയ്തിട്ടുണ്ട് എങ്കിലും അവർക്ക് രസീത് നൽകിയതായി കാണുന്നില്ല.

1) അന്നക്കുട്ടി ജോസഫ്, ഓലിക്കൽ

2) അൽഫോൻസാ, കുമ്പുക്കൽ

3) ലൈസാമ്മ, പള്ളിത്തടത്തിൽ.

മേൽപ്പറഞ്ഞ കാര്യങ്ങളിൽ വിശദീകരണം തേടിയുള്ള ഓഡിറ്റന്വേഷണക്കുറിപ്പിന് (നം.1 തീയതി 31.12.2019) മറുപടി ലഭിച്ചിട്ടില്ല. എല്ലാ പണം വരവുകൾക്കും വീഴ്ചകൂടാതെ രസീതി നൽകേണ്ടതാണ് എന്ന് 2011 ലെ കേ.പ.രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 20 നിഷ്കർഷിക്കുന്നു. കെ.എഫ്.സി.Vol.1 ർട്ടിക്കിൾ 7(1), കെ.റ്റി.സി.Vol 1 ർട്ടിക്കിൾ 90(A) എന്നിവയും എല്ലാ പണം വരവുകൾക്കും രസീതി നൽകേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. മാത്രമല്ല, 97-ാം നമ്പർ രസീതിന്റെ ഡ്യൂപ്ലിക്കേറ്റ് കീറിമാറ്റിയിട്ടുള്ളത്/ലഭ്യമല്ലാത്തത് ഗുരുതരമായ വീഴ്ചയാണ്. നിർവ്വഹണോദ്യോഗസ്ഥനായ വെറ്ററിനറി സർജൻ മേൽപ്പറഞ്ഞ അപാകങ്ങളിൽ വിശദീകരണം

ലഭ്യമാക്കേണ്ടതാണ്.

### 1-9 ശരിയായ ഉപയോഗക്രമത്തിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി നിർണ്ണയിച്ചില്ല

വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് അനുവദിക്കലുമായി ബന്ധപ്പെട്ട അപേക്ഷകളുടെ പരിശോധനയിൽ, കെട്ടിടങ്ങൾ അവയുടെ ശരിയായ ഉപയോഗക്രമത്തിന്റെ അടിസ്ഥാനത്തിലല്ല നികുതി നിർണ്ണയിക്കപ്പെട്ടിട്ടുള്ളത് എന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| രജി. ക്രമ നം. | കെട്ടിട നം. | കെട്ടിട ഉടമയുടെ പേര് | നിലവിലെ ഉപയോഗം | നികുതി നിർണ്ണയിക്കപ്പെട്ടിട്ടുള്ള ഉപയോഗ ക്രമം |
|---|---|---|---|---|
| 1 | 11/140 | ഗിരീഷ് കുമാർ എം.ഡി., മൂലിക്കുന്നേൽ | ഇലക്ട്രോണിക്സ് ഉപകരണങ്ങളുടെ വിപണനം | സ്റ്റോറേജ് ഷെഡ് |
| 62 | 10/3A | കുട്ടിയമ്മ, കുരാംപ്ലാക്കൽ | കോൺക്രീറ്റ് വർക്സ് | കൈത്തൊഴിൽ ഷെഡ് |
| 70 | 11/317 A | അനിൽ കുമാർ പി.ജെ., പാലോലിൽ | ഹോളോബ്രിക്സ് നിർമ്മാണം | ഇഷ്ടികച്ചൂള |
| 77 | 3/292 | സെക്രട്ടറി, ഐശ്വര്യ വനിതാ പട്ടികവർഗ്ഗ വില്ലേജ് ഇൻഡസ്ട്രീസ് | പൊടി മില്ല് | കൈത്തൊഴിൽ ഷെഡ് |
| 80 | 8/232 | പി.ജി.വേലായുധൻ, പാലത്തറ | വെൽഡിംഗ് വർക്സ് | കൈത്തൊഴിൽ ഷെഡ് |

മേൽ പരാമർശിച്ചതിൽ ക്രമ നം.1 വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ ഗണത്തിലും മറ്റുള്ളവ ഇതരവ്യവസായാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ ഗണത്തിലും നികുതി നിർണ്ണയിക്കപ്പെടേണ്ടിയിരുന്നവയാണ്. ഉപയോഗക്രമത്തിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിക്കുന്നത് സംബന്ധിച്ചും അതിൻപ്രകാരമുള്ള വസ്തുനികുതി കുടിശ്ശിക അടവാക്കുന്നതിനും കെട്ടിട ഉടമകൾക്ക് അറിയിപ്പ് നൽകിയിട്ടുള്ളതായി ഇത് സംബന്ധിച്ച ഓഡിറ്റന്വേഷണക്കുറിപ്പിന് (നം.12 തീയതി:06.1.2020) മറുപടി നൽകിയിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-10 സ്ഥാപനങ്ങളുടെയും ജീവനക്കാരുടെയും തൊഴിൽനികുതി ഡിമാന്റ് ചെയ്തില്ല/ഈടാക്കിയില്ല

**1)** ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ ബാങ്ക്/ ധനകാര്യ/ ഇതര സ്ഥാപനങ്ങളെയും തൊഴിൽനികുതി ഡിമാന്റിൽ ഉൾപ്പെടുത്തുകയോ അവയിൽ നിന്നും 2018-19 സാമ്പത്തികവർഷം ജീവനക്കാരുടെ/സ്ഥാപനതൊഴിൽനികുതി ഈടാക്കുകയോ ചെയ്തിട്ടില്ല. ശ്രദ്ധയിൽപെട്ട സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | പട്ടികജാതി സർവ്വീസ് സഹകരണ സംഘം, പനക്കച്ചിറ |
| 2 | അഗ്രിക്കൾച്ചറൽ ഇംപ്രൂവ്മെന്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, കോരുത്തോട് |
| 3 | മുളമൂട്ടിൽ ഫിനാൻസ്, പനക്കച്ചിറ |
| 4 | മുളമൂട്ടിൽ ഫിനാൻസ്, കുഴിമാവ് |
| 5 | മുളമൂട്ടിൽ ഫിനാൻസ്, കോരുത്തോട് |
| 6 | മുളമൂട്ടിൽ ഫിനാൻസ്, മടുക്ക |
| 7 | കടവിൽ ഫിനാൻസ്, കോരുത്തോട് |

മേൽപ്പറഞ്ഞതിൽ ക്രമ നം.5, 6, 7 എന്നിവ മുൻ ഓഡിറ്റ് റിപ്പോർട്ടിലും പരാമർശിക്കപ്പെട്ടിട്ടുള്ള സ്ഥാപനങ്ങളാണ്. ക്രമ നം.1, 2, 7 എന്നിവയ്ക്ക് തൊഴിൽനികുതി അടവാക്കുന്നതിനായി കത്ത് നൽകിയിട്ടുള്ളതാണെന്നും തുക അടവാക്കി ഓഡിറ്റിനെ അറിയിക്കുന്നതുമാണ് എന്നും ക്രമ നം. 3, 4, 5, 6 എന്നിവയ്ക്ക് വർഷങ്ങളായി ഡിമാന്റ് നൽകുന്നതും തുക ഒടുക്കാത്തതിനാൽ പ്രോസിക്യൂഷൻ നടപടി സ്വീകരിക്കുവാൻ തീരുമാനിച്ചിട്ടുള്ളതുമാണ് എന്ന് ഇത് സംബന്ധിച്ച

ഓഡിറ്റന്വേഷണക്കുറിപ്പിന് (നം.6 തീയതി:03.1.2020) സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. കൂടാതെ വിവിധ അക്ഷയകേന്ദ്രങ്ങൾ, റേഷൻകടകൾ, ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ, കോസടി, കോരുത്തോട് ഒഴികെയുള്ള കള്ള് ഷാപ്പുകൾ, വിവിധ റബ്ബറുല്പാദക സഹകരണ സംഘങ്ങൾ, കരാറുകാർ എന്നിവയെയും തൊഴിൽനികുതി ഡിമാന്റിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല. കേ.പ.രാജ്(തൊഴിൽനികുതി) ചട്ടങ്ങൾ പ്രകാരം തൊഴിൽനികുതി ഒടുക്കുവാൻ ബാദ്ധ്യസ്ഥരായ എല്ലാ സ്ഥാപനങ്ങളെയും/വ്യക്തികളെയും തൊഴിൽനികുതി ഡിമാന്റിൽ ഉൾപ്പെടുത്തുകയും തുക ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

2) വണ്ടൻപതാൽ ഫോറസ്റ്റ് സ്റ്റേഷനിലെ ട്രൈബൽ വാച്ചർമാരായ പി.ഡി.രാജു, പി.കെ.സുരേഷ്, പി.എൻ.സുരേഷ്, കെ.ബി.ഇന്ദിര എന്നിവരുടെ അർദ്ധവാർഷിക വരുമാനം വരുമാന പത്രിക പ്രകാരം 1,25,000/- രൂപയിൽ കവിയുന്നതായി കാണുന്നുവെങ്കിലും 1,000/- രൂപ വീതം മാത്രമാണ് തൊഴിൽ നികുതി ഈടാക്കിയിട്ടുള്ളത്. തൊഴിൽനികുതി കുറവായി അടവാക്കിയവർക്ക് ബാലൻസ് തുക ഒടുക്കുന്നതിന് കത്ത് നൽകിയിട്ടുള്ളതായും തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കുന്നതുമാണ് എന്ന് സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. തുടർനടപടി വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3) വില്ലേജ് ഓഫീസ്, കോരുത്തോട് ജീവനക്കാരുടെയും ഗ്രാമപഞ്ചായത്തിന്റെ എൻ.ആർ.ഇ.ജി.എസ്, എൽ.എസ്.ജി.ഡി ഓഫീസുകളിലെ ജീവനക്കാരുടെയും ഒന്നാം അർദ്ധവർഷത്തെയും വനിതാ സഹകരണ ബാങ്കിന്റെ രണ്ട് അർദ്ധവർഷങ്ങളിലെയും ജീവനക്കാരുടെയും സ്ഥാപനത്തിന്റെയും തൊഴിൽനികുതിയും ഈടാക്കിയതായി കാണുന്നില്ല. തൊഴിൽ നികുതി അടവാക്കുന്നതിനായി സ്ഥാപനങ്ങൾക്ക് കത്ത് നൽകിയിട്ടുള്ളതായി ഓഡിറ്റന്വേഷണക്കുറിപ്പിന് നൽകിയ മറുപടിയിൽ സെക്രട്ടറി അറിയിച്ചിട്ടുണ്ട്. തുക ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-11 വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് അനുവദിക്കൽ - അപാകതകൾ

**(1)** തൻവർഷം വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകിയിട്ടുള്ള താഴെപ്പറയുന്ന സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് പാർപ്പിടാവശ്യത്തിനായി നികുതി നിർണ്ണയിക്കപ്പെട്ടിട്ടുള്ള കെട്ടിടങ്ങളിലാണ് .

| ക്രമ നം. | രജിസ്റ്ററിലെ ക്രമ നം. | കെട്ടിട നം. | സ്ഥാപന ഉടമയുടെ പേര് |
|---|---|---|---|
| 1 | 45 | 7/196 | സി.ആർ.ഷാജി, ചെരിപുറത്ത് |
| 2 | 53 | 8/209 | സാലി ജോസഫ്, ഇലവുങ്കൽ |
| 3 | 54 | 12/18 | ഓമന സോമൻ, കരിമ്പന്നൂർ |

ലൈസൻസ് അനുവദിക്കുന്നതിന് മുൻപ് അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുള്ള കെട്ടിടത്തിന്റെ ഉപയോഗക്രമം പരിശോധിച്ച് വാണിജ്യാവശ്യത്തിനുള്ളവയെന്ന് ഉറപ്പുവരുത്തിയതായി കാണുന്നില്ല.

**(2)** "സഞ്ചയ" യിലെ വിവിധ ഉപയോഗക്രമങ്ങളുടെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിലെ കെട്ടിടങ്ങളുടെ എണ്ണം ചുവടെ ചേർക്കും പ്രകാരമാണ്.

| ക്രമ നം. | ഉപയോഗക്രമം | എണ്ണം |
|---|---|---|
| 1 | വാണിജ്യാവശ്യത്തിനുള്ള 100 ച.മീ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, ഷോപ്പുകൾ, ഗോഡൗൺ | 453 |
| 2 | വാണിജ്യാവശ്യത്തിനുള്ള 100 ച.മീ മുകളിൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, ഷോപ്പുകൾ, ഗോഡൗൺ | 10 |
| 3 | വാണിജ്യാവശ്യത്തിനുള്ള 200 ച.മീ മുകളിൽ തറവിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 02 |
| 4 | വാണിജ്യാവശ്യത്തിനുള്ള ബങ്കുകൾ, പെട്ടിക്കടകൾ, കമ്പ്യൂട്ടർ സെന്റർ, ഫ്യൂവൽ സ്റ്റേഷൻ | 05 |

| | | |
|---|---|---|
| 5 | വ്യവസായത്തിനാവശ്യമുള്ളവ-കൈത്തറിഷെഡ്, കയർപിരി ഷെഡ് | 43 |
| 6 | ഇതരവ്യവസായങ്ങൾക്കാവശ്യമുള്ളവ | 02 |
| | **ആകെ** | **515** |

മേൽപ്പറഞ്ഞ പ്രകാരം ഗ്രാമപഞ്ചായത്തിൽ വിവിധ വാണിജ്യ/വ്യവസായ, അനുബന്ധ ആവശ്യങ്ങൾക്കായി നികുതി നിർണ്ണയിക്കപ്പെട്ട **515** കെട്ടിടങ്ങളുണ്ടെങ്കിലും തൻവർഷം വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് എടുത്തിട്ടുള്ളത് **112** സ്ഥാപനങ്ങളും (പാർപ്പിടാവശ്യത്തിനായി നികുതി നിർണ്ണയിക്കപ്പെട്ടിട്ടുള്ള കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നതുൾപ്പെടെ) ലൈവ് സ്റ്റോക്ക് ഫാം ലൈസൻസ് എടുത്തിട്ടുള്ളത് **03** സ്ഥാപനങ്ങളും മാത്രമാണ്. ഒന്നിലേറെ കെട്ടിടങ്ങളിൽ പ്രവർത്തിയ്ക്കുന്ന ചുരുക്കം സ്ഥാപനങ്ങളുണ്ടാവാമെന്നതും മേൽപ്പറഞ്ഞതിൽ ചുരുക്കം കെട്ടിടങ്ങൾ ഉപയോഗിക്കപ്പെടാതെ കിടക്കുന്നുണ്ടാവാമെന്നതും കണക്കിലെടുത്താൽ തന്നെ വളരെയധികം സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്തിൽ ലൈസൻസില്ലാതെ പ്രവർത്തിയ്ക്കുന്നുണ്ട് എന്ന് വ്യക്തമാണ്. ഗ്രാമപഞ്ചായത്തിലെ കള്ള് ഷാപ്പുകൾ, റേഷൻകടകൾ എല്ലാം തന്നെ ലൈസൻസില്ലാതെയാണ് പ്രവർത്തിക്കുന്നത്.

**(3)** 1996 ലെ കേ.പ.രാജ്(ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും) ലൈസൻസ് നൽകൽ ചട്ടങ്ങൾക്ക് 31.10.2017 ലെ 80/2017/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഭേദഗതി വരുത്തിയിരുന്നു. സ്ഥാപനങ്ങളെ വിവിധ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് ഉത്തരവായിട്ടുള്ളതിനാൽ പുതിയ ഫീസ് നിരക്ക് പട്ടിക സെക്രട്ടറി തയ്യാറാക്കി നൽകിയത് പരിഗണിച്ച് ഭരണസമിതി ചർച്ച ചെയ്ത് തീരുമാനിക്കുന്നതിൻ പ്രകാരം ഫീസ് ഈടാക്കി വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് നൽകണമെന്ന് ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും വിറ്റുവരവിന്റെ അടിസ്ഥാനത്തിലാണ് തൻവർഷം ഫീസ് ഈടാക്കിയിട്ടുള്ളത്. മേൽപ്പറഞ്ഞ പ്രകാരം സ്ഥാപനങ്ങളെ വിവിധ തട്ടുകളാക്കി തരം തിരിച്ച് പുതിയ ഫീസ് നിരക്ക് ഭരണസമിതി ചർച്ച ചെയ്ത് തീരുമാനിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കേണ്ടതാണ്.

മേൽപ്പറഞ്ഞ കാര്യങ്ങളിൽ വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റന്വേഷണക്കുറിപ്പിന് (നം.9 തീയതി:04.1.2020) മറുപടി ലഭിച്ചിട്ടില്ല. ലൈസൻസിനായി അപേക്ഷിക്കുന്ന സ്ഥാപനങ്ങളെ മാത്രമാണ് നിലവിൽ ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന എല്ലാ വാണിജ്യ/ വ്യവസായ/സേവന/മറ്റ് സംരഭക സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കുകയും അതനുസരിച്ച് ഒരു സ്ഥാപനവും ലൈസൻസില്ലാതെ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പാക്കേണ്ടതുമാണ്.

### 1-12 വിശദാംശങ്ങൾ ലഭ്യമല്ലാത്ത തനതുഫണ്ട് ചെലവുകൾ -3,79,261 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

ചുവടെ ചേർത്തിട്ടുള്ള ചെലവുകളുടെ വിശദാംശങ്ങൾ, ചെലവ് രേഖകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | വൗച്ചർ നം./തീയതി | തുക(രൂപ) | അപാകത |
|---|---|---|---|
| 1 | 21800025 /18.4.18 | 1,07,052/- | 16-17, 17-18 വർഷങ്ങളിലെ ലൈബ്രറിസെസ് ഇനത്തിലെ തുക ലൈബ്രറി കൗൺസിലിലേക്ക് അടവാക്കാൻ പിൻവലിച്ചത്, തുക നല്കിയതിന്റെ വിവരങ്ങൾ, കൈപ്പറ്റ് രസീത് എന്നിവ ഇല്ല. |
| 2 | 21800292/ 28.7.18 | 30,000/- | അക്കൗണ്ടന്റ് കം ഐ.റ്റി എക്സ്പേർട്സിന്റെ വേതനമിനത്തിൽ പെർഫോമൻസ് ഓഡിറ്റ് സൂപ്പർ വൈസർ, പി.എ.യു -3, കാഞ്ഞിരപ്പള്ളിക്ക് നല്കുന്നതിനായി പിൻവലിച്ച തുക. തുക നല്കിയതിന്റെ വിവരങ്ങൾ, കൈപ്പറ്റ് രസീത് എന്നിവ ഇല്ല. |
| 3 | 21800273/ 21.08.2018 | 23,831/- | ജീവനക്കാർ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് നൽകിയ 2 ദിവസത്തെ ശമ്പളം ദുരിതാശ്വാസ നിധിയിലേക്ക് ക്രെഡിറ്റ് ചെയ്തതിന്റെ വിവരങ്ങൾ ഇല്ല. തുകയുടെ കൈപ്പറ്റ് മുതലായവ വൗച്ചറിനൊപ്പമില്ല. |

| | | | |
|---|---|---|---|
| 4 | 21800274/ 21.8.2018 | 2,750/- | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് നൽകിയ സെക്രട്ടറിയുടെ ഫെസ്റ്റിവൽ അലവൻസ് തുക ദുരിതാശ്വാസ നിധിയിലേക്ക് ക്രെഡിറ്റ് ചെയ്തതിന്റെ വിവരങ്ങൾ ഇല്ല തുകയുടെ കൈപ്പറ്റ് മുതലായവ വൗച്ചറിനൊപ്പമില്ല. |
| 5 | 21800275/ 21.8.2018 | 13,750/- | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് നൽകിയ ഫെസ്റ്റിവൽ അലവൻസ് തുക ദുരിതാശ്വാസ നിധിയിലേക്ക് ക്രെഡിറ്റ് ചെയ്തതിന്റെ വിവരങ്ങൾ ഇല്ല. തുകയുടെ കൈപ്പറ്റ് മുതലായവ വൗച്ചറിനൊപ്പമില്ല. |
| 6 | 21800454/ 22.10.18 | 14,302 | ജീവനക്കാർ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് നൽകിയ ശമ്പള പരിഷ്കരണ കുടിശ്ശിക ദുരിതാശ്വാസ നിധിയിലേക്ക് ക്രെഡിറ്റ് ചെയ്തതിന്റെ വിവരങ്ങൾ ഇല്ല. തുകയുടെ കൈപ്പറ്റ് മുതലായവ വൗച്ചറിനൊപ്പമില്ല. |
| 7 | 21800600/ 26.12.18 | 72,776 | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് നൽകുന്നതിനായി ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും റിക്കവർ ചെയ്ത ദുരിതാശ്വാസ നിധിയിലേക്ക് ക്രെഡിറ്റ് ചെയ്തതിന്റെ വിവരങ്ങൾ ഇല്ല. തുകയുടെ കൈപ്പറ്റ് മുതലായവ വൗച്ചറിനൊപ്പമില്ല. |
| 8 | 21800502/ 30.10.18 | 84,800 | എം.ജി.എൻ.ആർ.ഇ.ജി.എസ്.ന് ഫലവൃക്ഷത്തൈ വാങ്ങുന്നതിനായി ബ്ളോക്കിൽ നിന്നും ലഭിച്ച തുക തിരികെ നല്കിയത്. തുക നല്കിയതിന്റെ വിവരങ്ങൾ, കൈപ്പറ്റ് രസീത് എന്നിവ ഇല്ല. |
| 9 | 21800127/ 7.6.18 | 30,000 | മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി ശുചിത്വ മിഷൻ ഗ്രാന്റിനത്തിൽ 7, 8, 9 വാർഡുകളിലെ വാർഡുതല സാനിറ്റേഷൻ കമ്മിറ്റിക്ക് നല്കിയ തുകയുടെ ചെലവ് വൗച്ചറുകൾ ഹാജരാക്കിയില്ല. |

മേൽ ചെലവുകൾ സംബന്ധിച്ച അനുബന്ധ രേഖകൾ ലഭ്യമാക്കാനാവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് ചെലവു രേഖകൾ ലഭ്യമാക്കുന്നതാണെന്ന് മറുപടി നല്കി. രേഖകളുടെ അഭാവത്തിൽ മേൽപ്പറഞ്ഞ വൗച്ചറുകൾ പ്രകാരമുള്ള 3,79,261 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ആധികാരിക അനുബന്ധരേഖകൾ ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-13 ഗ്രാമപഞ്ചായത്ത് ഓഫീസിലെ വാട്ടർ ചാർജ്ജ് കുടിശ്ശിക -തുക അധികം അടവാക്കി

ഗ്രാമപഞ്ചായത്ത് ഓഫീസിലെ KTD/13/ND എന്ന വാട്ടർ കണക്ഷന്റെ 7/14 മുതൽ 2/19 വരെയുള്ള വാട്ടർ ചാർജ്ജ് കുടിശ്ശിക തുക ഒറ്റത്തവണ തീർപ്പാക്കൽ പ്രകാരം 29,607 രൂപയാണെന്ന് കാണിച്ച് 19.3.19 ലെ PHSM 15/15 നം. കത്ത് പ്രകാരം കേരള വാട്ടർ അതോറിറ്റി, പി.എച്ച്.സെക്ഷൻ, മുണ്ടക്കയം അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ 29,607 രൂപ (വൗച്ചർ നം.21800851/20.3.19) വാട്ടർ അതോറിറ്റിയിൽ അടച്ചിട്ടുണ്ട്. ടി തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കു പ്രകാരമാണ്.

| | |
|---|---|
| 7/14 മുതൽ 2/19 വരെ വാട്ടർ ചാർജ്ജ് | 24,749 |
| 12/17 വരെ ഫൈൻ | 2,857 |
| 1/18 മുതൽ 2/19 വരെ ഫൈൻ | 2,001 |
| **ആകെ** | **29,607** |

വാട്ടർ അതോറിറ്റിയുടെ കുടിശ്ശിക നിർണ്ണയ സ്റ്റേറ്റ്മെന്റ് പ്രകാരം 1/19 വരെ കുടിശ്ശിക 20,694 രൂപയാണ്. ഓരോ മാസവും 380 രൂപയാണ് ഡിമാന്റ്. 2/19 ആയപ്പോൾ തൻവർഷ ഡിമാന്റ് 380 രൂപ കൂടി ചേർത്ത് 2/19 വരെ കുടിശ്ശിക 21,074 (20694 +380) എന്നതിനു പകരം 24,749 രൂപ എന്ന കാണിച്ച് വാട്ടർ അതോറിറ്റി കത്ത് നല്കിയത് പ്രകാരം 29,607 രൂപ വാട്ടർ അതോറിറ്റിയിൽ അടച്ചിട്ടുണ്ട്. 2/19 വരെ കുടിശ്ശിക 21,074 രൂപയ്ക്ക് പകരം 24,749 രൂപ എന്ന കണക്കാക്കി 3,675 രൂപ അധികം അടവാക്കിയതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. അധികം അടവാക്കിയ തുകയ്ക്കുള്ള വിശദീകരണം ലഭ്യമാക്കേണ്ടതും തുക

അധികം അടവാക്കിയത് തുടർന്നുള്ള വാട്ടർ ചാർജ്ജിൽ ക്രമീകരിച്ച് വിവരമറിയിക്കേണ്ടതുമാണ്.

### 1-14 ബയോഗ്യാസ് പ്ലാന്റ് നിർമ്മാണത്തിനായി ലഭിച്ച 20 ലക്ഷം രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നു

ബയോഗ്യാസ് പ്ലാന്റ് നിർമ്മാണത്തിനായി **19.3.18** ൽ ഡിസ്ട്രിക്ട് കോ ഓർഡിനേറ്റർ, ഡിസ്ട്രിക്ട് സാനിട്ടേഷൻ മിഷൻ, കോട്ടയത്തിൽ നിന്നും ലഭിച്ച **20,00,000** രൂപ നാളിതുവരെയും ചെലവഴിക്കാതെ അവശേഷിക്കുന്നതായി കാണുന്നു. **18-19** ൽ പ്രോജക്ട് വെച്ചിരുന്നുവെങ്കിലും നടപ്പാക്കിയില്ല. **19-20**ലും പ്രോജക്ട് വെച്ചിട്ടുണ്ടെങ്കിലും നാളിതുവരെ പ്രവർത്തനങ്ങളൊന്നും തന്നെ നടന്നിട്ടില്ല. ടി പ്രോജക്ട് പഞ്ചായത്തിൽ പ്രായോഗികമല്ലെന്ന് എക്സിറ്റ് മീറ്റിംഗിൽ അറിയിച്ചു. പ്രത്യേക പ്രോജക്ടുകൾക്കായി ഇതര സ്രോതസ്സുകളിൽ നിന്നും ലഭിക്കുന്ന തുക വിനിയോഗിക്കാൻ കഴിയാത്ത അവസ്ഥ ആശാസ്യമല്ല. ടി തുക വിനിയോഗിച്ച് പ്രസ്തുത പ്രോജക്ട് നടപ്പിലാക്കാൻ സാധിക്കാത്ത പക്ഷം ഡിസ്ട്രിക്ട് സാനിട്ടേഷൻ മിഷന്റെ അനുമതിയോടെ മാലിന്യ സംസ്കരണത്തിനായി മറ്റ് പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കുകയോ അല്ലാത്തപക്ഷം തുക തിരിച്ചടക്കുകയോ ചെയ്യേണ്ടതാണ്.

### 1-15 അഡ്വാൻസ് നല്കിയ തുകകൾ ക്രമീകരിക്കുവാൻ അവശേഷിക്കുന്നു

**31.03.2019**-ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-**18** പ്രകാരം വിവിധ ആവശ്യങ്ങൾക്കായി മുൻകൂർ നല്കിയ തുകകൾ ക്രമീകരിക്കുവാൻ അവശേഷിക്കുന്നതായി കാണുന്നു. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | കണക്ക് ശീർഷകം | തുക |
|---|---|---|
| 1. | ഫെസ്റ്റിവൽ അഡ്വാൻസ് | 6,000 |
| 2. | ടൂർ ടി.എ.അഡ്വാൻസ് | 5,964 |
| 3. | അദർ അഡ്വാൻസ് | 7,250 |
| 4 | അഡ്വാൻസ് -ഔദ്യോഗികാവശ്യം | 2,600 |
| 5 | അഡ്വാൻസ്-എം.ജി.എൻ.ആർ.ഇ.ജി.എസ് | 3,20,881 |

3 മാസത്തിനകം മുൻകൂർ നൽകിയ തുകകൾ ക്രമീകരിച്ചില്ലെങ്കിൽ 18% പിഴ ഈടാക്കാവുന്നതാണ്(സ.ഉ.(അ)-197/13 ധന 30.4.13 ഉത്തരവ് പ്രകാരം). ആയതിനാൽ അഡ്വാൻസ് ഇനത്തിൽ നിൽക്കുന്ന തുകകൾ ക്രമീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

### 1-16 ഡെപ്പോസിറ്റ് വർക്കുകൾ -കരാറിൽ ഏർപ്പെടുന്നില്ല

തൻവർഷം വിവിധ സർക്കാർ ഏജൻസികൾ/വകുപ്പുകളിലേക്ക് വിവിധ പ്രോജക്ടുകൾ പ്രകാരം തുകകൾ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പദ്ധതിയുടെ പേര് | നിക്ഷേപിച്ച തുക | ഫണ്ട് | നിർവ്വഹണ ഏജൻസി/സ്ഥാപനം | വൗച്ചർ നം./ ബിൽ നം. |
|---|---|---|---|---|
| കോസടി വാട്ടർ സപ്ലൈ സ്കീം, പൈപ്പ്ലൈൻ മാറ്റൽ 195/19 | 3,46,160<br>74,840 | 13-ാം ധനകാര്യ കമ്മിഷൻ അവാർഡ്<br>വികസന ഫണ്ട് (ജനറൽ) | വാട്ടർ അതോറിറ്റി, കോട്ടയം | 60/28.2.19<br>59/28.2.19 |
| കുഴൽ കിണർ നിർമ്മാണം പ്രോജക്ട് നം : 199/18-19 | 3,32,138 | വികസന ഫണ്ട് (ജനറൽ) | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | 67/19.02.19 |

തുക ഡെപ്പോസിറ്റ് ചെയ്തപ്പോൾ ടി ഏജൻസികളുമായി പഞ്ചായത്ത് കരാറിൽ ഏർപ്പെട്ടിരുന്നില്ല. വിവിധ സർക്കാർ ഏജൻസികൾക്ക് പ്രോജക്ടുകൾക്കായി തുകകൾ ഡെപ്പോസിറ്റ് ചെയ്യുമ്പോൾ കൃത്യമായി കരാറിൽ ഏർപ്പെടേണ്ടതും, പൂർത്തീകരണത്തിനു ശേഷം വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതുമാണ്. വിനിയോഗ സാക്ഷ്യപത്രം നാളിതുവരെ ലഭ്യമാക്കാത്ത സാഹചര്യത്തിൽ ടിയിനത്തിൽ ചെലവഴിച്ച 7,53,138 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

### 1-17 ഗുണഭോക്തൃസമിതി നിർവ്വഹിച്ച മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും അധികമായി ഉൾപ്പെടുത്തിയ ഓവർഹെഡ് ചാർജ് കുറവ് ചെയ്തില്ല

കോരുത്തോട് ഗ്രാമ പഞ്ചായത്തിൽ 2018-19 വർഷം ഗുണഭോക്തൃസമിതി വഴി നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് 7.5% ഓവർഹെഡ് ചാർജ് ഉൾപ്പെടുത്തിയ ഡാറ്റ ഉപയോഗിച്ചാണ് തയ്യാറാക്കിയിട്ടുള്ളത്. വേലമൂല്യത്തിൽ നിന്നും നികുതിവിഹിതങ്ങൾ കുറവ് ചെയ്യുമ്പോൾ കൺവീനർക്ക് നഷ്ടം വരാതിരിക്കാനാണ് 7.5% ഓവർഹെഡ് ചാർജ് ഉൾപ്പെടുത്തിയിട്ടുള്ളത്. 1.7.2017 മുതൽ വാറ്റ് നിർത്തലാക്കിയിട്ടുള്ളതിനാൽ ഗുണഭോക്തൃസമിതി നിർവ്വഹിച്ച മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും ആദായനികുതി 1% നിർമ്മാണതൊഴിലാളി ക്ഷേമനിധിവിഹിതം 1% എന്നിവ മാത്രമാണ് റിക്കവറി നടത്തിയിട്ടുള്ളത്. (ആദായനികുതി നിയമം വകുപ്പ് 194C പ്രകാരം, പ്രവൃത്തി നിർവ്വഹിച്ചത് വ്യക്തി/അവിഭക്തഹിന്ദുകുടുംബം അല്ലാത്ത സംഗതികളിൽ ബില്ലിൽ നിന്നും ആദായനികുതി 2% ഈടാക്കേണ്ടതാണ്). ജി.എസ്.റ്റി ഈടാക്കാത്ത സന്ദർഭങ്ങളിൽ ബില്ലിൽ നിന്നും വേലമൂല്യത്തിന്റെ 5% തുക കുറവ് ചെയ്യണം എന്ന് 16.3.2018 ലെ DB3- 9058/17/CE/LSGDനമ്പർ സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്. ഗുണഭോക്തൃസമിതി നിർവ്വഹിച്ച താഴെ പറയുന്ന പ്രവൃത്തികളുടെ ബില്ലിൽ നിന്നും വേലമൂല്യത്തിന്റെ 5% തുക കുറവ് ചെയ്തതായി കാണുന്നില്ല.

| പ്രോജക്ട് നം./പേര് | കൺവീനർ | വേലമൂല്യം/ ചെലവ് | കൺവീനർക്ക് നൽകിയ തുക | അധികം നൽകിയ തുക | ആദായനികുതി ഈടാക്കിയതിൽ കുറവ് |
|---|---|---|---|---|---|
| 70/19<br>മടുക്ക പാറമട പൊന്നമ്മ പുതുപ്പറമ്പിൽപ്പടി നടപ്പാത കോൺക്രീറ്റിംഗ് | വിലാസിനി രാജു, പുത്തൻപുരയ്ക്കൽ, മടുക്ക | 48,839<br>ബിൽ നം. 31/18-19/ 31.1.19 | 47,858 | (48839x.05)<br>1.075<br>2272 | 488 |
| 69/19<br>മടുക്ക പാറമട തങ്കപ്പൻ കല്ലുവേലിൽ നടപ്പാത കോൺക്രീറ്റിംഗ് | അനുമോൾ വി.ജി, കല്ലുവേലിൽ മടുക്ക | 47,522<br>ബിൽ നം. 38/18-19/ 19.3.19 | 46,567 | (47522x.05)<br>1.075<br>2210 | 475 |
| 66/19<br>മടുക്ക പാറമട പള്ളി നടപ്പാത കോൺക്രീറ്റിംഗ് | ബിജു പി. രാമചന്ദ്രൻ, പുതുപ്പറമ്പിൽ മടുക്ക | 48,946<br>ബിൽ നം. 15/18-19/ 20.12.18 | 47,963 | (48946x.05)<br>1.075<br>2277 | 489 |
| 68/19<br>മടുക്ക പാറമട നബിസ താന്നിമൂട്ടിൽപ്പടി നടപ്പാത കോൺക്രീറ്റിംഗ് | നൗഷാദ് എച്ച്, ഇരട്ടപ്പറമ്പിൽ, മടുക്ക | 48,964<br>ബിൽ നം. 14/18-19/ 30.11.18 | 47,979 | (48964x.05)<br>1.075<br>2277 | 490 |
| 67/19<br>മടുക്ക പാറമട ആറ്റിങ്ങൽപ്പടി | ജോൺസി ജിജി, ആലക്കാപ്പള്ളിൽ, മടുക്ക | 47,197<br>ബിൽ നം. 13/18-19/ | 46,248 | (47197x.05)<br>1.075<br>2195 | 472 |

| | | | | | |
|---|---|---|---|---|---|
| നടപ്പാത കോൺക്രീറ്റിംഗ് | | 30.11.18 | | | |
| 173/19<br>ആംബുലൻസ് ഷെഡ് നിർമ്മാണം | പി.എം.തോമസ്, പുറത്തേമഠത്തിൽ, കോരുത്തോട് | 4,61,435<br>ബിൽ നം. 16/18-19/ 20.12.18 | 4,52,161 | (461435x.05)<br>1.075<br>21462 | 4614 |

ഗുണഭോക്തൃസമിതി വഴി നിർവ്വഹിച്ച മേൽ പ്രവൃത്തികളുടെ ബില്ലിൽ നിന്നും ഓവർഹെഡ് ചാർജ് ഇനത്തിൽ അധികം കണക്കാക്കിയ (വേലമൂല്യത്തിന്റെ 5%) തുക കുറവ് ചെയ്യാതെ കൺവീനർമാർക്ക് തുക നൽകിയത് സംബന്ധിച്ചും ആദായിനകുതി കുറവായി ഈടാക്കിയത് സംബന്ധിച്ചും ഓഡിറ്റിൽ വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 4-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയതിൽ ആദ്യത്തെ 5 പ്രവൃത്തികൾ നിർവ്വഹിച്ച ഗുണഭോക്തൃസമിതി കൺവീനർമാരിൽ നിന്നും യഥാക്രമം 2272 രൂപ, 2210 രൂപ, 2277 രൂപ, 2277 രൂപ, 2,195 രൂപ വീതം പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടുണ്ടെന്ന് എന്നും ആറാമത്തെ പ്രവൃത്തിയുടെ കൺവീനർക്ക് 21,462 രൂപ ഒടുക്കുന്നതിന് കത്ത് നൽകിയിട്ടുണ്ടെന്നും അറിയിച്ചു. കൂടാതെ ഗുണഭോക്തൃസമിതി കൺവീനർ 'റസിഡന്റ് ഇൻഡ്യൻ' എന്ന് പരിഗണിച്ചാണ് 1% ആദായനികുതി ഈടാക്കിയത് എന്നും അറിയിച്ചു. എന്നാൽ ഗുണഭോക്തൃസമിതി കൺവീനർമാരെ 'റസിഡന്റ് ഇൻഡ്യൻ' എന്ന ഗണത്തിൽ പരിഗണിക്കാൻ സാധിക്കുകയില്ല. ആയതിനാൽ മേൽ പ്രവൃത്തികളുടെ ബില്ലിൽ നിന്നും കുറവായി ഈടാക്കിയ 1% ആദായനികുതി ഈടാക്കി ആദായനികുതി നിയമവ്യവസ്ഥകൾ പ്രകാരം ആദായനികുതി വകുപ്പിൽ ഒടുക്കേണ്ടതാണ്. കൂടാതെ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടുള്ള 11,231 രൂപ സർക്കാരിലേയ്ക്ക് ഒടുക്കേണ്ടതും ആംബുലൻസ് ഷെഡ് നിർമ്മാണം എന്ന പ്രവൃത്തിയുടെ കൺവീനറിൽ നിന്നും 21,462 രൂപ തിരികെ ഈടാക്കി സർക്കാരിലേയ്ക്ക് ഒടുക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

### 1-18 4-ാം വാർഡിൽ കുഴൽകിണർ നിർമ്മാണം - പൂർത്തീകരണവിവരം ലഭ്യമല്ല

പ്രോജക്ട് നം.53/19 (കുഴൽകിണർ നിർമ്മാണം - വാർഡ് 4)

അടങ്കൽ- 2,00,000 രൂപ (ധനകാര്യകമ്മീഷൻ ഗ്രാമന്റ്)

ചെലവ് - 2,00,000 രൂപ (ബിൽ നം.7/18-19/10.08.2018)

കോരുത്തോട് ഗ്രാമ പഞ്ചായത്തിന്റെ 2018-19 വാർഷിക പദ്ധതിയുടെ ഭാഗമായി അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണോദ്യോഗസ്ഥനായി ഏറ്റെടുത്തതാണ് മേൽ പദ്ധതി. ഭൂജലവകുപ്പിൽ നിക്ഷേപിക്കുന്നതിനായി അസിസ്റ്റന്റ് എൻജിനീയറുടെ ട്രഷറി ബിൽബുക്ക് വഴി ബിൽ നം.7/18-19/ 10.08.2018 പ്രകാരം 2,00,000 രൂപ പിൻവലിച്ചിട്ടുണ്ട്. എന്നാൽ തുക ഭൂജലവകുപ്പിൽ സ്വീകരിച്ചതിന്റെ കൈപ്പറ്റ് രസീത്, ഭൂജലവകുപ്പ് പഞ്ചായത്തുമായി ഏർപ്പെട്ട കരാർ, പ്രവൃത്തിയുടെ പൂർത്തീകരണ വിവരം/ തുകയുടെ വിനിയോഗസാക്ഷ്യപത്രം എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല. അപാകത സംബന്ധിച്ച് ഓഡിറ്റിൽ വിശദികരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 10-ാം നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയതിൽ കുഴൽകിണർ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ടെന്നും ഹാന്റ് പമ്പ് സ്ഥാപിക്കൽ ശേഷിക്കുന്നുണ്ടെന്നും അറിയിച്ചു. പ്രവൃത്തി പൂർത്തിയാക്കി ഭൂജലവകുപ്പിൽ നിന്നും വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിൽ അറിയിക്കുന്നത് വരെ 2,00,000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

### 1-19 ചിലമ്പിക്കുന്നേൽപടി- വനംപടി റോഡ് കോൺക്രീറ്റിംഗ്- പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ് 152/19 |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| അടങ്കൽ | 4,50,000/- |
| ചെലവ് | 3,38,082/-(ബിൽ നം.11/18-19/23.11.18 ) |
| ധനസ്രോതസ് | മെയിന്റനൻസ് ഗ്രാന്റ് (റോഡ്) |
| അളവുപുസ്തകം | 2/18-19 |

| | |
|---|---|
| കരാറുകാരൻ | ജോർജുകുട്ടി ദേവസ്യ, കൊച്ചുമുറിയിൽ, മണിമല |

ചിലമ്പിക്കുന്നേൽപടി- വനംപടി റോഡ് കോൺക്രീറ്റിംഗ് എന്ന പ്രോജക്ടിനായി 16.11.2017ൽ കരാറുകാരനുമായി കരാറിൽ ഏർപ്പെട്ടിരുന്നുവെങ്കിലും 2018-2019 വർഷത്തിലാണ് സ്പിൽ ഓവർ ആയി പ്രവൃത്തി നിർവഹിച്ചത്. പ്രവൃത്തി നിർവഹണത്തിന് കാലതാമസം വന്നതിന്റെ കാരണം ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. പ്രവൃത്തി പൂർത്തിയാക്കുന്നതിനുള്ള കാലാവധി ഏഴുമാസമായിരുന്നെങ്കിലും ടി കാലാവധിയ്ക്കുള്ളിൽ പ്രവൃത്തി ആരംഭിച്ചിരുന്നില്ല. കരാർപ്രകാരം പൂർത്തീകരിക്കേണ്ട തീയതി കഴിഞ്ഞ് രണ്ടുമാസങ്ങൾക്കുശേഷം മാത്രമാണ് പ്രവൃത്തി ആരംഭിച്ചത്. അളവുപുസ്തകത്തിലെ രേഖപ്പെടുത്തൽ പ്രകാരം പ്രവൃത്തി പൂർത്തിയാക്കിയ തീയതി 26.9.2018 ആണ്. കരാർ കാലാവധിയ്ക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കിയിരുന്നെങ്കിലും സപ്ലിമെന്ററി കരാർ ചമച്ചിരുന്നില്ല. ബില്ലുമാറി തുക അനുവദിച്ചപ്പോൾ നിയമാനുസൃതം ഈടാക്കേണ്ടിയിരുന്ന പിഴ ഈടാക്കിയിട്ടില്ല. ടി അപാകത സംബന്ധിച്ച വിശദീകരണം ലഭ്യമാക്കുന്നതിന് നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ഹാജരാക്കിയ മറുപടിയിൽ, ടി റോഡിൽ നിന്നിരുന്ന 3 ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന് വന്ന കാലതാമസം കാരണമാണ് പ്രവൃത്തി സമയബന്ധിതമായി പൂർത്തികരിക്കുവാൻ സാധിക്കാതിരുന്നതെന്ന് അറിയിച്ചിട്ടുണ്ട്. 3 ഇലക്ട്രിക് പോസ്റ്റുകൾ മാറ്റുന്നതിന് ഇത്രയധികം കാലതാമസം വന്നുവെന്ന മറുപടി സ്വീകാര്യമല്ല. മാത്രമല്ല, പ്രവൃത്തി പൂർത്തിയാക്കുവാൻ വൈകിയതിന് സപ്ലിമെന്ററി കരാർ ചമച്ചിരുന്നുമില്ല. ആയതിനാൽ കരാറുകാരനിൽനിന്ന് നിയമാനുസൃതമായ പിഴ ഈടാക്കി ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ ഒടുക്കേണ്ടതാണ്.

### 1-20 പ്രത്യേക കന്നുകുട്ടിപരിപാലന പദ്ധതി- വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ് 106/19 |
| നിർവ്വഹണോദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| അടങ്കൽ | 1,25,000/-രൂപ |
| ചെലവ് | 1,25,000/-രൂപ |
| ധനസ്രോതസ് | വികസനഫണ്ട് |
| ബിൽ നമ്പർ/തീയതി | 7/14.2.2019 |

പ്രത്യേക കന്നുകുട്ടിപരിപാലന പദ്ധതിയുടെ ഗ്രാമപഞ്ചായത്തിലെ 20 ഗുണഭോക്താക്കൾക്കായി 1,25,000/-രൂപ ജില്ലാ പ്രോഗ്രാം അസിസ്റ്റന്റ് ഡയറക്ടർക്ക് തൻവർഷം കൈമാറിയിട്ടുണ്ട്. ശ്രീമതി മറിയാമ്മ, ആനിത്തോട്ടം എന്നയാളുടെ ഉടമസ്ഥതയിലുള്ള കന്നുകുട്ടിയ്ക്ക് വളർച്ച കുറവായതിനാൽ ടി കന്നുകുട്ടിയെ പദ്ധതിയിൽനിന്ന് ഒഴിവാക്കിയതായി വെറ്ററിനറി സർജൻ അറിയിച്ചിരുന്നു. പ്രസ്തുത പദ്ധതി പൂർത്തിയാകുന്നമുറയ്ക്ക് വിനിയോഗസാക്ഷ്യപത്രം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതും പദ്ധതിയിൽ നിന്ന് ഒഴിവാക്കിയ കന്നുകുട്ടിയുടെ ഉൾപ്പെടെ വിനിയോഗിക്കാതെ അവശേഷിക്കുന്ന തുക തിരികെ ഈടാക്കി സർക്കാരിലേയ്ക്ക് ഒടുക്കേണ്ടതുമാണ്.

### 1-21 പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിച്ച തുക- കൃത്യമായ കണക്കുകൾ ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല

ഗ്രാമപഞ്ചായത്തിന്റെ 31.3.2019ലെ ബാലൻസ് ഷീറ്റിലെ ബി-4 ഷെഡ്യൂൾ പ്രകാരം പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി വിവിധ സർക്കാർ ഏജൻസികളിൽ നിന്നു ലഭിച്ചതിൽ ആകെ 1,95,58,750/-രൂപ ചെലവഴിക്കുവാൻ അവശേഷിക്കുന്നു. എന്നാൽ സർക്കാർ നിർദ്ദേശാനുസരണം പ്രത്യേക ബാങ്ക് അക്കൗണ്ടുകളിൽ സൂക്ഷിക്കുന്ന തുകകൾ ഒഴികെയുള്ളവ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ നിലനിൽക്കുന്നുണ്ടോയെന്ന് വ്യക്തമല്ല. പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ചെലവഴിച്ചിട്ടും വിനിയോഗവിവരങ്ങൾ സാംഖ്യ സോഫ്റ്റ്വെയറിൽ രേഖപ്പെടുത്തുന്നതിലുള്ള കാലതാമസവും തെറ്റായ അക്കൗണ്ടിംഗും ട്രഷറി അക്കൗണ്ടിലെ പണം സർക്കാർ തിരികെ എടുത്തത് അക്കൗണ്ടുചെയ്യാത്തതുമാണ് ഇപ്രകാരം ഒരു സാഹചര്യത്തിന് ഇടയാക്കുന്നത്. ഗ്രാമപഞ്ചായത്തിന്റെ യഥാർത്ഥ സാമ്പത്തികനില ബാലൻസ് ഷീറ്റിൽ പ്രതിഫലിക്കണമെങ്കിൽ ഗ്രാമപഞ്ചായത്തിന്റെ ഇടപാടുകൾ യഥാസമയം സാംഖ്യയിൽ രേഖപ്പെടുത്തേണ്ടതും ആസ്തി- ബാധ്യതകൾ യഥാവിധി നിജപ്പെടുത്തേണ്ടതുമാണ്. എന്നാൽ മേൽപ്പറഞ്ഞപ്രകാരം ഇടപാടുകൾ സമയബന്ധിതമായി സാംഖ്യയിൽ രേഖപ്പെടുത്താത്തതിനാൽ ബാലൻസ് ഷീറ്റ് ഗ്രാമപഞ്ചായത്തിന്റെ യഥാർത്ഥ സാമ്പത്തികനിലയെ വെളിപ്പെടുത്തുന്നുവെന്ന് കരുതുക സാധ്യമല്ല. ആയതിനാൽ ഗ്രാമപഞ്ചായത്തിന്റെ ബാലൻസ് ഷീറ്റിന്റെ നിലവിലെ കൃത്യത ഉറപ്പുവരുത്തുന്നതിന് അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതാണ്.

31.3.2019ലെ ബാലൻസ് ഷീറ്റിലെ ബി-4 ഷെഡ്യൂൾ പ്രകാരം പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി വിവിധ സർക്കാർ

ഏജൻസികളിൽ നിന്നു ലഭിച്ച തുകയിൽ ചെലവഴിക്കുവാൻ അവശേഷിക്കുന്ന തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ശീർഷകം | തുക | കുറിപ്പുകൾ |
|---|---|---|
| എൻ.ആർ.ഇ.ജി.എ. | 1,32,132 | പ്രത്യേക അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. |
| ടി.എസ്.സി. | 30,47,137 | |
| എസ്.എസ്.എ | 1,12,607 | പ്രത്യേക അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. |
| പശ്ചിമഘട്ട വികസനപദ്ധതി | 1,874 | പ്രത്യേക അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. |
| ഐ.സി.ഡി.എസ്.-കേന്ദ്രവിഹിതം | 11,49,891 | തുകയുടെ കൃത്യത വ്യക്തമല്ല |
| ലോക്കൽ ഏരിയ ഡെവലപ്പ്മെന്റ് ഗ്രാന്റ് | 89,122 | |
| വികസനഫണ്ട്-സ്പെഷ്യൽ ഗ്രാന്റ് | 1,38,372 | ഗ്രാമപഞ്ചായത്ത് കാര്യാലയത്തിന് കെട്ടിടം നിർമ്മിക്കുന്നതിന് സർക്കാരിൽനിന്ന് ലഭിച്ച വിഹിതം- വി.പി.എഫ്.-2 അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്ന ടി തുക ലാപ്സായതായി ഓഡിറ്റിൽ വാക്കാൽ അറിയിച്ചിട്ടുണ്ട്. |
| പട്ടികവർഗകോർപ്പസ് ഫണ്ട് | 40,10,192 | പ്രത്യേക അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. |
| സാക്ഷരത | 2,674 | |
| ശബരിമല സ്പെഷ്യൽ ഗ്രാന്റ് | 24,86,936 | തുകയുടെ കൃത്യത വ്യക്തമല്ല. |
| ശുചിത്വമിഷൻ | 41,297 | |
| ബ്ലോക്ക്പഞ്ചായത്ത് | 42,74,892 | ലൈഫ്മിഷൻ പദ്ധതിക്കായി ലഭിച്ച 35,15,371/-രൂപ വി.ഇ.ഒയ്ക്ക് കൈമാറിയതിൽ ഭൂരിഭാഗവും ചെലവഴിച്ചിട്ടുണ്ട്. (ഖ.1-22 കാണുക) |
| ജില്ലാപഞ്ചായത്ത് | 7,37,772 | |
| പ്രത്യേക ഉദ്ദേശ്യത്തിന് ലഭിച്ചത് | 33,33,852 | സർക്കാരിൽനിന്ന് ലഭിച്ച വിവിധ ഗ്രാന്റുകൾ അക്കൗണ്ടുചെയ്തിരിക്കുന്നു. എന്നാൽ തുകയുടെ കൃത്യത വ്യക്തമല്ല. |
| **ആകെ** | **1,95,58,750** | |

ഇത് സംബന്ധമായി ആവശ്യമായ അക്കൗണ്ടിംഗ് ക്രമീകരണങ്ങൾ നടത്തിയും കണക്കുകൾ കൃത്യമാക്കിയും ബി4 ഷെഡ്യൂൾ പ്രകാരമുള്ള ബാധ്യതാ തുക യഥാർത്ഥ സ്ഥിതി പ്രതിഫലിപ്പിക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്. അവശേഷിക്കുന്ന തുക നിർദ്ദിഷ്ട ആവശ്യത്തിനായി വിനിയോഗിച്ച് ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതുമാണ്.

### 1-22 ലൈഫ് ഭവനനിർമ്മാണപദ്ധതി ഒന്നാംഘട്ടം- വി.ഇ.ഒയ്ക്ക് മുൻകൂർ അനുവദിച്ചത്- സമയബന്ധിതമായി ക്രമീകരിക്കുന്നില്ല

ലൈഫ് ഭവനനിർമ്മാണപദ്ധതിയുടെ ഒന്നാംഘട്ടത്തിലേയ്ക്കായി കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്തിൽനിന്ന് 28.11.2017 ൽ 35,15,371/-രൂപ അനുവദിച്ചത് 8.12.2017ൽ പ്രസിഡന്റിന്റെയും നിർവ്വഹണോദ്യോഗസ്ഥനായ വി.ഇ.ഒ.യുടെയും പേരിലുള്ള സംയുക്ത അക്കൗണ്ടിൽ (കോരുത്തോട് സർവീസ് സഹകരണബാങ്ക് അക്കൗണ്ട് നമ്പർ 0123000008947) നിക്ഷേപിച്ചിരുന്നു. മുൻവർഷങ്ങളിൽ വിവിധ പദ്ധതികളിലൂടെ ഭവനനിർമ്മാണത്തിന് ധനസഹായം ലഭിച്ചിട്ടും ഭവനനിർമ്മാണം പൂർത്തിയാക്കാത്ത ഗുണഭോക്താക്കൾക്ക് ടി തുകയിൽ നിന്ന് നിലവിൽ ധനസഹായം അനുവദിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ നിർവഹണോദ്യോഗസ്ഥൻ ടി പദ്ധതിയ്ക്കായി ചെലവഴിക്കുന്ന തുകയുടെ വിനിയോഗവിവരങ്ങൾ യഥാസമയം ഗ്രാമപഞ്ചായത്തിന് കൈമാറുന്നില്ല. 26.8.2019ൽ പ്രസ്തുത ബാങ്ക് അക്കൗണ്ടിൽ 6,60,456/-രൂപ മാത്രമാണ് അവശേഷിക്കുന്നതെങ്കിലും 30.12.2019ലെ ബാലൻസ് ഷീറ്റിൽ 35,15,371/-രൂപ ഉൾപ്പെടെയാണ് ബി-4 (Grants & contributions for specific purposes - code no.-320700204, തുക- 39,60,818/-രൂപ), ബി-18 (Loans, advances & deposits- code no.-46050501, തുക- 37,73,302/-രൂപ) ഷെഡ്യൂളുകളിൽ രേഖപ്പെടുത്തിയിട്ടുള്ളത്. മുൻകൂറായി നൽകിയ തുകയുടെ വിനിയോഗ വിശദാംശങ്ങൾ ഹാജരാക്കുന്നതിന് ഗ്രാമപഞ്ചായത്ത് നിർവ്വഹണോദ്യോഗസ്ഥനോട് ആവശ്യപ്പെടാത്തതും നിർവ്വഹണോദ്യോഗസ്ഥൻ ആയത് സ്ഥാപനത്തിൽ സമർപ്പിക്കാത്തതും ഗുരുതരമായ കൃത്യവിലോപമാണ്. പദ്ധതിയ്ക്കായി ചെലവഴിച്ച തുകയുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ ഗ്രാമപഞ്ചായത്തിന്റെ ധനകാര്യപത്രികയിൽ 35,15,371/-രൂപ ഓഡിറ്റ് തീയതിയിലും നിർവഹണോദ്യോഗസ്ഥന് നൽകിയ മുൻകൂറായി അവശേഷിക്കുകയാണ്. ധനകാര്യപത്രിക ഗ്രാമപഞ്ചായത്തിന്റെ യഥാർത്ഥ ധനസ്ഥിതിയെ പ്രതിഫലിപ്പിക്കുന്നില്ലെന്ന് ഇതിൽനിന്ന് വ്യക്തമാണ്. വിവിധ ഏജൻസികൾക്കും നിർവ്വഹണോദ്യോഗസ്ഥർക്കും അനുവദിക്കുന്ന മുൻകൂറുകൾ യഥാവിധി ചെലവഴിക്കപ്പെടുന്നുവെന്നും വിനിയോഗസാക്ഷ്യപത്രം യഥാസമയം ലഭിക്കുന്നുവെന്നും ഉറപ്പുവരുത്തേണ്ടതാണ്.

## 1-23 ലൈഫ് ഭവനനിർമ്മാണപദ്ധതി- അവലോകനം

| ധനസ്രോതസ് | 2018-2019 വർഷം ചെലവഴിച്ച തുക |
|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 26,71,600 |
| പ്രത്യേക ഘടകപദ്ധതി വിഹിതം | 18,64,100 |
| പട്ടികവർഗ ഉപപദ്ധതി വിഹിതം | 1,20,000 |
| ബ്ലോക്ക്പഞ്ചായത്ത് വിഹിതം | 20,54,102 |
| ജില്ലാപഞ്ചായത്ത് വിഹിതം | 33,53,664 |
| വായ്പ | 1,08,20,000 |
| **ആകെ** | **2,08,83,466** |

| വിഭാഗം | ഗുണഭോക്താക്കളുടെ എണ്ണം | നിർമ്മാണം പൂർത്തിയാക്കിയ വീടുകളുടെ എണ്ണം | പൂർത്തിയാക്കുവാൻ അവശേഷിക്കുന്നത് |
|---|---|---|---|
| പൊതുവിഭാഗം | 90 | 48 | 42 |
| പട്ടികജാതി | 22 | 15 | 7 |
| ആകെ | 112 | 63* | 49 |

*ഭവനനിർമ്മാണം പൂർത്തിയായെങ്കിലും 37 ഗുണഭോക്താക്കളുടെ അവസാനഗഡു വിതരണം ചെയ്തിട്ടില്ല.

മുൻവർഷങ്ങളിൽ വിവിധ പദ്ധതികളിലൂടെ ഭവനനിർമ്മാണത്തിന് ധനസഹായം ലഭിച്ചിട്ടും ഭവനനിർമ്മാണം പൂർത്തിയാക്കാത്ത ഗുണഭോക്താക്കൾക്ക് ലൈഫ് ഭവനനിർമ്മാണപദ്ധതിയുടെ ഒന്നാംഘട്ടത്തിന്റെ ഭാഗമായി തുക അനുവദിച്ചിരുന്നു. എന്നാൽ ടി സ്കീം പ്രകാരവും തുക കൈപ്പറ്റിയിട്ടും താഴെപ്പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെ ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | ലൈഫ് പദ്ധതിയിൽ കൈപ്പറ്റിയ ആകെ തുക (രൂപ) |
|---|---|---|

| | | |
|---|---|---|
| 1 | ശ്രീമതി ശാലിനി, മന്നാംപറമ്പിൽ | 33,000 |
| 2 | ശ്രീമതി അക്കാമ്മ ജോർജ്, വടുതല | 3,77,500 |
| 3 | ശ്രീ.റെജി കെ.കെ., കാഞ്ഞിരവിളയിൽ | 3,77,500 |

ഗുണഭോക്താക്കൾ സമയബന്ധിതമായി ഭവനനിർമ്മാണം പൂർത്തിയാക്കുന്നതിന് ആവശ്യമായ നടപടികൾ ഭരണസമിതിയും സ്റ്റാൻഡിംഗ് കമ്മിറ്റികളും സ്വീകരിക്കേണ്ടതാണ്.

### 1-24 അഗതിരഹിത കേരളം പദ്ധതി- അവലോകനം

അഗതിരഹിത കേരളം പദ്ധതിയുടെ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിന് ഗ്രാമപഞ്ചായത്തിൽ സർവേ നടത്തിയതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ അന്തിമഗുണഭോക്തൃലിസ്റ്റ് ഭരണസമിതി അംഗീകരിച്ചിരുന്നു (തീരുമാനം നമ്പർ- 13(2)/4.12.2018). ടി ലിസ്റ്റിൽ 72 കുടുംബങ്ങൾ ഉൾപ്പെടുന്നു. പദ്ധതിയ്ക്കുവേണ്ടി ഭരണസമിതി അംഗീകരിച്ച അടങ്കൽ താഴെപ്പറയും പ്രകാരമാണ്.

| ധനസ്രോതസ് | തുക (രൂപ) |
|---|---|
| ചലഞ്ച് ഫണ്ട് | 25,08,300 |
| പദ്ധതിവിഹിതം | 1,15,87,700 |
| മറ്റിനം | 11,86,200 |
| ആകെ | 1,52,82,200 |

ആശ്രയപദ്ധതിയ്ക്കായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുടെ കോരുത്തോട് ശാഖയിൽ ആരംഭിച്ച 67059373557 നമ്പർ ബാങ്ക് അക്കൗണ്ടിലെ 14,21,390/-രൂപയുടെ നീക്കിയിരിപ്പ് അഗതിരഹിത കേരളം പദ്ധതിയ്ക്കായി ടി ബാങ്കിൽ 1.12.2019ൽ ആരംഭിച്ച 38896438500 നമ്പർ പുതിയ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. ടി അക്കൗണ്ടിൽനിന്ന് ഭക്ഷണ സാധനങ്ങളുടെ വിതരണത്തിനുമാത്രമാണ് നിലവിൽ തുക പിൻവലിക്കുന്നത്. ആക്ഷൻ പ്ലാനിൽ വിഭാവനം ചെയ്തിട്ടുള്ള പ്രകാരം പദ്ധതി സമയബന്ധിതമായി നടപ്പാക്കുവാൻ ഭരണസമിതി ശ്രദ്ധ ചെലുത്തേണ്ടതാണ്.

ആശ്രയ പദ്ധതിയ്ക്കായി ലഭിച്ച തുകയിൽ ചെലവഴിക്കാതെ അവശേഷിച്ചിരുന്ന തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വിഭാഗം | ചലഞ്ച് ഫണ്ട് | പ്ലാൻ ഫണ്ട് | ആകെ |
|---|---|---|---|
| പൊതുവിഭാഗം | 12,91,979 | 0 | 12,91,979 |
| പട്ടികവർഗം | 50,000 | 0 | 50,000 |
| **ആകെ** | **13,41,979** | **0** | **13,41,979** |

പട്ടികവർഗവിഭാഗത്തിനുവേണ്ടി പ്രത്യേക ബാങ്ക് അക്കൗണ്ട് നാളിതുവരെ ആരംഭിച്ചിട്ടില്ലെന്ന വസ്തുത ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ആവശ്യമായ ഫണ്ട് ലഭ്യമായിട്ടും അഗതിരഹിത കേരളം പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കാൻ കഴിയാത്ത സ്ഥിതി ഒഴിവാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

### 2-1 വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന വരവ് സംബന്ധമായ ഓഡിറ്റ് പരാമർശങ്ങൾ

മേൽ പരാമർശിത നിയമവ്യവസ്ഥകൾ പ്രകാരം ചാർജ് നടപടികൾക്ക് വിധേയമാക്കാവുന്ന പരാമർശങ്ങൾ ഇല്ല. ഭാഗം 1-ൽ ഉൾപ്പെടുത്തിയിട്ടുള്ള വരവ് സംബന്ധമായ ഖണ്ഡികകളിൽ പരാമർശിക്കുന്ന അപാകതകളിന്മേൽ ഭരണതല തുടർനടപടികൾ സ്വീകരിച്ച് ബാധകമായ നിയമങ്ങൾ പ്രകാരമുള്ള റിക്കവറി നടപടികളും തുടർ നടപടികളും സ്വീകരിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

### 3-1 ഗുണഭോക്തൃസമിതി വഴി നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും അധികമായി ഉൾപ്പെടുത്തിയ ഓവർഹെഡ് ചാർജ് കുറവ് ചെയ്തില്ല- 21,462 രൂപയുടെ നഷ്ടം

കോരുത്തോട് ഗ്രാമ പഞ്ചായത്തിൽ 2018-19 വർഷം ഗുണഭോക്തൃസമിതി വഴി നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് 7.5% ഓവർഹെഡ് ചാർജ് ഉൾപ്പെടുത്തിയ ഡാറ്റ ഉപയോഗിച്ചാണ് തയ്യാറാക്കിയിട്ടുള്ളത്. വേലമൂല്യത്തിൽ നിന്നും നികുതിവിഹിതങ്ങൾ കുറവ് ചെയ്യുമ്പോൾ കൺവീനർക്ക് നഷ്ടം വരാതിരിക്കാനാണ് 7.5% ഓവർഹെഡ് ചാർജ് ഉൾപ്പെടുത്തിയിട്ടുള്ളത്. 1.7.2017 മുതൽ വാറ്റ് നിർത്തലാക്കിയിട്ടുള്ളതിനാൽ ഗുണഭോക്തൃസമിതി നിർവ്വഹിച്ച മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും ആദായനികുതി 1% നിർമ്മാണതൊഴിലാളി ക്ഷേമനിധിവിഹിതം 1% എന്നിവ മാത്രമാണ് റിക്കവറി നടത്തിയിട്ടുള്ളത്. (ആദായനികുതി നിയമം വകുപ്പ് 194C പ്രകാരം, പ്രവൃത്തി നിർവ്വഹിച്ചത് വ്യക്തി/അവിഭക്തഹിന്ദുകുടുംബം അല്ലാത്ത സംഗതികളിൽ ബില്ലിൽ നിന്നും ആദായനികുതി 2% ഈടാക്കേണ്ടതാണ്). ജി.എസ്.റ്റി ഈടാക്കാത്ത സന്ദർഭങ്ങളിൽ ബില്ലിൽ നിന്നും വേലമൂല്യത്തിന്റെ 5% തുക കുറവ് ചെയ്യണം എന്ന് 16.3.2018 ലെ DB3- 9058/17/CE/LSGD നമ്പർ സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്. ഗുണഭോക്തൃസമിതി നിർവ്വഹിച്ച താഴെ പറയുന്ന പ്രവൃത്തിയുടെ ബില്ലിൽ നിന്നും വേലമൂല്യത്തിന്റെ 5% തുക കുറവ് ചെയ്തതായി കാണുന്നില്ല.

| | | | | | |
|---|---|---|---|---|---|
| 173/19<br>ആംബുലൻസ് ഷെഡ് നിർമ്മാണം | പി.എം.തോമസ്, പുറത്തേമഠത്തിൽ, കോരുത്തോട് | 461435<br>ബിൽ നം.16/18-19/ 20.12.18 | 4,52,161 | (461435x.05<br>1.075<br>21,462 | 4,614 |

ഗുണഭോക്തൃസമിതി വഴി നിർവ്വഹിച്ച മേൽ പ്രവൃത്തികളുടെ ബില്ലിൽ നിന്നും ഓവർഹെഡ് ചാർജ് ഇനത്തിൽ അധികം കണക്കാക്കിയ (വേലമൂല്യത്തിന്റെ 5%) തുക കുറവ് ചെയ്യാതെ കൺവീനർമാർക്ക് തുക നൽകിയത് സംബന്ധിച്ചും ആദായിനകുതി കുറവായി ഈടാക്കിയത് സംബന്ധിച്ചും ഓഡിറ്റിൽ വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 4-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയതിൽ കൺവീനർക്ക് 21,462 രൂപ ഒടുക്കുന്നതിന് കത്ത് നൽകിയിട്ടുണ്ടെന്നും അറിയിച്ചു. കൂടാതെ ഗുണഭോക്തൃസമിതി കൺവീനർ 'റസിഡന്റ് ഇൻഡ്യൻ' എന്ന് പരിഗണിച്ചാണ് 1% ആദായനികുതി ഈടാക്കിയത് എന്നും അറിയിച്ചു. എന്നാൽ ഗുണഭോക്തൃസമിതി കൺവീനർമാരെ 'റസിഡന്റ് ഇൻഡ്യൻ' എന്ന ഗണത്തിൽ പരിഗണിക്കാൻ സാധിക്കുകയില്ല. ആയതിനാൽ മേൽ പ്രവൃത്തികളുടെ ബില്ലിൽ നിന്നും കുറവായി ഈടാക്കിയ 1% ആദായനികുതി ഈടാക്കി ആദായനികുതി നിയമപ്രകാരം ആദായനികുതി വകുപ്പിൽ ഒടുക്കേണ്ടതാണ്. ആംബുലൻസ് ഷെഡ് നിർമ്മാണം എന്ന പ്രവൃത്തിയുടെ കൺവീനർക്ക് അധികം നൽകിയ 21,462 രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. പ്രസ്തുത അധികചെലവിന് അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ.അരുൺ എം. ബാദ്ധ്യതപ്പെട്ടിരിക്കുന്നു.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 14.06.2019, 15.06.2019 | കെ.എസ്.എ-കെ.ടി.എം.പി.11/917/ 2019/9.07.2019 |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച തീയതി | ലഭിച്ച തുക | പ്രോജക്ട് നം./പേര് | ചെലവ് | ബാക്കി |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് കാഞ്ഞിരപ്പള്ളി | 14.08.2018 | 2,00,000 | പാലിയേറ്റീവ് കെയർ | 1,73,051 | 26,949 |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് കാഞ്ഞിരപ്പള്ളി | 14.082018<br>30.10.2018 | 1,99,998 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 1,99,998 | 0 |
| ബ്ലോക്ക് പഞ്ചായത്ത് കാഞ്ഞിരപ്പള്ളി | 14.082018<br>26.09.20198 | 20,54,102 | ലൈഫ് മിഷൻ | 20,54,102 | 0 |
| ബ്ലോക്ക് പഞ്ചായത്ത് കാഞ്ഞിരപ്പള്ളി | 05.02.2019 | 2,00,000 | | 1,63,225 | 36,775 |
| ബ്ലോക്ക് പഞ്ചായത്ത് കാഞ്ഞിരപ്പള്ളി | 05.02.2019 | 1,50,000 | | 1,50,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് കാഞ്ഞിരപ്പള്ളി | 27.06.2018<br>20.07.2018 | 3,00,000 | | 1,00,000 | 2,00,000 |
| ജില്ലാ പഞ്ചായത്ത് | 16.10.2018 | 2,00,000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 2,00,000 | 0 |
| ജില്ലാ പഞ്ചായത്ത് | 16.10.2018 | 34,83,998 | ലൈഫ് | 33,53,668 | |

### 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| ഭൂജലവകുപ്പ് | 53/19<br>കുഴൽകിണർ നിർമ്മാണം (വാർഡ്-4) | 2,00,000 | 0 | 2,00,000 |
| ഭൂജലവകുപ്പ് | 199/19<br>കുഴൽകിണർ നിർമ്മാണം | 3,32,138 | 0 | 3,32,138 |
| വാട്ടർ അതോറിറ്റി | 195/19 പൈപ്പ്ലൈൻ നീട്ടൽ | 4,21,000 | 0 | 4,21,000 |

### 4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഓഡിറ്റ് വർഷം ഗുണഭോക്തൃസമിതി കൺവീനർമാർക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ തുകയൊന്നും നൽകിയിട്ടില്ല.

### 4-5 വായ്പ/വായ്പ തിരിച്ചടച്ചവ്

ഓഡിറ്റ് വർഷം വായ്പ എടുത്തതിന്റെയും തിരിച്ചടച്ചതിന്റെയും, വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശം | ഉത്തരവ് നമ്പർ | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം എടുത്ത വായ്പ | തൻ വർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതിക്ക് വേണ്ടി കെ.യു.ആർ.ഡി.എഫ്.സി. | -- | 0 | 1,09,17,737 | 40,000 | -- | 1,08,77,737 |

| | | | | | | |
|---|---|---|---|---|---|---|
| യിൽ നിന്നും അനുവദിച്ച ലോൺ | | | | | | |

സെക്രട്ടറിയുടെ അക്കൗണ്ടിൽ അവശേഷിച്ചിരുന്ന 57,377 രൂപ 2019-20 വർഷം ചെലവഴിച്ചിട്ടുണ്ട്.

### 4-6 സ്ഥിരനിക്ഷേപം

ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ധനകാര്യ പത്രികയുടെ ഭാഗമായ 31.03.2019-ലെ ബാലൻസ് ഷീറ്റ് പ്രകാരം സ്ഥിരനിക്ഷേപം ഇല്ല.

### 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ തുകയൊന്നും വരവില്ല.

### 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

കോരുത്തോട് ഗ്രാമപഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ ഇല്ല.

### 4-9 ചാർജ്-സർച്ചാർജ് നടപടികളുടെ വിവരം

കോരുത്തോട് ഗ്രാമപഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 16-ാം വകുപ്പ്, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം-20 എന്നിവ പ്രകാരമുള്ള ചാർജ്-സർച്ചാർജ് നടപടികൾ നിലവിൽ തുടരുന്ന ഖണ്ഡികകൾ ഇല്ല.

### 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പടെ) | 7,99,58,856 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 6,27,28,041 |
| വരവിനങ്ങളിലുള്ള നഷ്ടം (ചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (സർചാർജ് ചെയ്യാവുന്നത്) | 21,462 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 13,32,399 |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 21,462 | ശ്രീ.അരുൺ എം., അസിസ്റ്റന്റ് എഞ്ചിനീയർ |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-12 | 1,67,052 | ശ്രീ.സുരേഷ്കുമാർ, സെക്രട്ടറി |
| 1-12 | 2,12,209 | ശ്രീമതി റീന ജോൺ, സെക്രട്ടറി |
| 1-16 | 7,53,138 | ശ്രീമതി റീന ജോൺ, സെക്രട്ടറി |
| 1-18 | 2,00,000 | ശ്രീ.അരുൺ എം., അസിസ്റ്റന്റ് എഞ്ചിനീയർ |
| **ആകെ** | **13,32,399** | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.അരുൺ എം., അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, കോരുത്തോട് ഗ്രാമപഞ്ചായത്ത് | ജാനകീമന്ദിരം, ഇളവൂർ, പള്ളിമൺ പി.ഒ., കൊല്ലം |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട്, തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2005-06 | എൽ.എഫ്.കെ.പി9-53/08/10.11.2008 | 4 |
| 2009-10, 2010-11 | കെ.എസ്.എ.-കെ.ടി.എം.പി11/അദാ-2018/203(4)/18/28.02.2018 | 11 |
| 2011-12, 2012-13 | കെ.എസ്.എ.-കെ.ടി.എം.പി11/അദാ-2018/203(5)/18/28.02.2018 | 17 |
| 2013-14, 2014-15 | കെ.എസ്.എ.-കെ.ടി.എം.പി13-1396/16/30.05.2017 | 10 |
| 2015-16 | കെ.എസ്.എ.കെ.ടി.എം.പി13-1841/16/04.07.2017 | 13 |
| 2016-17 | കെ.എസ്.എ.-കെ.ടി.എം.പി11-1068/18/26.10.2018 | 13 |
| 2017-18 | കെ.എസ്.എ.-കെ.ടി.എം.പി11-859/19/26.9.19/4.10.19 | |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പെടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ,**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**
**ജില്ലാ ഓഡിറ്റ് കാര്യാലയം-കോട്ടയം**

## അനുബന്ധം 1 ഓഡിറ്റ് സാക്ഷ്യപത്രം

**നം.കെ.എസ്.എ-കെ.ടി.എം.പി11/28/2020** **കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം**
**ഫോൺ: 04812564886**
**ഇ-മെയിൽ: doktm.ksad@kerala.gov.in**
**തീയതി:25.02.2020**

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215- വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും **കോട്ടയം ജില്ലയിലെ കോരുത്തോട് ഗ്രാമപഞ്ചായത്തിന്റെ 2018-19** വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **കോരുത്തോട് ഗ്രാമപഞ്ചായത്തിന്റെ 2018-19 ലെ** വാർഷിക ധനകാര്യ പത്രിക വരവുചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ,**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**
**ജില്ലാ ഓഡിറ്റ് കാര്യാലയം-കോട്ടയം**